വിൽപ്പാൻ തയ്യാർ!
ബാലരാമായണം
(By പി. ആനന്ദവല്ലി)
ഗദ്യം. ഹൈന്ദവഭവനങ്ങളിലെ എല്ലാ കുട്ടികളും നിത്യപാരായണം ചെയ്യേണ്ടതു്.
വില അണ 8.
Apply to:-
വിദ്യാരംഭം പ്രസ്സ് & ബുക്കഡിപ്പോ, ആലപ്പുഴ.

പ്രമാതപ്പതിപ്പ് Registered No. M. 5797 PHONE No. 523 വില 1 ണ. 8 സ.

ദേശബന്ധു

Vol. 4 | കോട്ടയം 1952 സെപ്റ്റംബർ 11 വ്യാഴം പേജ് 4 | No 209

വിവിധ ഡാക്ടർമാരും ത്വക്രോഗ വിദഗ്ദ്ധന്മാരും പരിശോധിച്ച് ഏററവുംഫലപ്രദമെന്നു ശുപാർശചെയ്യിട്ടുള്ളതു്
ആർക്കും ദിവസേന്നു ഉപയോഗിക്കാവുന്ന സിദ്ധൗഷധസോപ്പ്!

സ്വരാജ് ബുള്ളററിൻ No. 7

ഇന്നലെ രണ്ടു ബസ്സുകൂടി അറസ്റ്റു ചെയ്തു

(പ്ര–ലേ) കോട്ടയം, തി: 10

ഇന്നു് ഒരു സ്വരാജ്ബസ്സ് വൈക്കത്തുവച്ചും മററൊരു സ്വരാജ്ബസ്സ് ഈരാററുപേട്ടയിൽവച്ചും അറസ്റ്റുചെയ്യുകയുണ്ടായി. ഇതോടുകൂടി മൊത്തം അറസ്റ്റുചെയ്യപ്പെട്ട സ്വരാജ്ബസ്സുകളുടെ എണ്ണം 14 ആയി വർദ്ധിച്ചിരിക്കുന്നു. വൈക്കത്തുവച്ച് രാവിലേയും ഈരാററുപേട്ടവച്ച് വൈകിട്ട് 3.45–നുമാണ് ഇന്നു് "ഭസ്മാസുര"വേട്ട നടന്നതു്.

സ്വരാജ്ബസ്സുകളുടെ നേർക്കുള്ള പോലീസ് ആക്ഷൻ പരിശോധിക്കുന്നതിനായി എ ഐ. ജി. ലോപ്പസ് ഇന്നു് ഇവിടെ വന്നുചേർന്നിരിക്കുന്നു. അദ്ദേഹം ഡി. എസ്. പി. ഓഫീസിലും എ. എസ്. പി. ഓഫീസിലും കയറി ഇറങ്ങുകയും ചില സ്വകാര്യബസ്സുടമസ്ഥന്മാരെ സന്ദർശിച്ച് രഹസ്യാന്വേഷണം നടത്തുകയും ചെയ്തിരിക്കുന്നതായി അറിയുന്നു.

15 കേന്ദ്രങ്ങളിൽ 257 ഭവനങ്ങൾ

72724 രൂപാ ചെലവഴിച്ച് ഇക്കൊല്ലം നിർമ്മിക്കുന്നു—കൂടാതെ മററു ചില ഭവനങ്ങളും—സഹകരണ സംഘങ്ങൾക്ക് 2 ലക്ഷം രൂപാ വായ്പ നൽകുന്നു

(സ്വ–ലേ) തിരു: സെ: 10

സെപ്തംബർ 8–ാംതിയതി കൂടിയ ഭവനനിർമ്മാണബോർഡ് യോഗത്തിൽ ഈ വർഷം 472724 രൂപാ ചെലവുചെയ്ത് 15 കേന്ദ്രങ്ങളിലായി 257 വീടുകൾ പണിയുന്നതിനുള്ള ഗവ: തീരുമാനം ബോർഡ് അംഗീകരിച്ചിരിക്കുന്നു. ഇതുകൂടാതെ ഷൺമുഖപുരത്ത് 10–ം, നേരിയമംഗലത്ത് 20–ം, പറവൂർ 8–ം, കൊല്ലത്ത് 18–ം, കല്ലുംവാതുക്കൽ 20–ം, വിഴിഞ്ഞത്തു 15–ം, നാഗർകോവിൽ 24–ം, കരമനയിൽ 17–ം, വീടുകൾ പണിയുന്നതിന് കോളനൈസേഷനും സെററിൽമെൻറും ഭവനനിർമ്മാണസഹകരണസംഘങ്ങളുടെയോ യിൻറ് രജിസ്ട്രാർ സമർപ്പിച്ചിരുന്ന നിർദ്ദേശങ്ങളും ബോർഡ് അംഗീകരിച്ചിരിക്കുന്നു. ഭവനനിർമ്മാണ പരിപാടികൾക്കായി സഹകരണസംഘങ്ങൾക്ക് ഈ വർഷം 2 ലക്ഷംരൂപാ വായ്പ നൽകാനും ഭൂമിയില്ലാത്തവർക്ക് വീടുവയ്ക്കാൻ സ്ഥലം നൽകുക സൗജന്യമായി വീടുവയ്ക്കാൻ ആവശ്യമായ സാധനങ്ങൾ നൽകാനും ഇതിലേയ്ക്ക് 7 സ്ഥലങ്ങളിലായി 41 ഏക്കർ 31 സെൻറ സ്ഥലം പൊന്നുംവിലയ്ക്കെടുക്കാനും ഉള്ള ഗവ: തീരുമാനത്തിനു ബോർഡ് അംഗീകാരം നൽകി എന്നും ഇതുസംബന്ധിച്ചുള്ള ഒരു പ്രസ്നോട്ടിൽ പറയുന്നു.

തിരുവനന്തപുരം

(4–ാംപേജിൽനിന്നും തുടർച്ച)

എ. ഐ. സി. സി. യിൽ സംബന്ധിക്കുന്നതിനു മുഖ്യമന്ത്രിയും സഹമന്ത്രിമാരായ ടി. എം. വറുഗീസും പനമ്പിള്ളിയും പി. സി. സി. പ്രസിഡൻറ് കെ. ആർ. ഇലങ്കത്ത്, എ. പി. ഉദയഭാനു എന്നിവരും വിമാനമാർഗ്ഗം ഇന്നു് ഇൻറാറിലേയ്ക്കു പോയിരിക്കുന്നു.

ഭക്ഷ്യവും കൃഷിയും വകുപ്പ്

ഭക്ഷ്യവും കൃഷിയും വകുപ്പ് ഗവ: സെക്രട്ടറി ഫുഡ്പ്രൊഡക്ഷൻ ബോർഡിൻെറ എക്സ്ഒഫീഷ്യോയായി രിക്കുമെന്നു് ഒരു ഗവർമ്മെൻറ് വിജ്ഞാപനത്തിൽ പറയുന്നു.

കമ്മ്യൂണിററി പ്രോജക്ട്

നെയ്യാററിൻകര– വിളവംകോട്, കുന്നത്തുനാട്—ചാലക്കുടി കമ്മ്യൂണിററി പ്രോജക്ട് കേന്ദ്രങ്ങളിലേയ്ക്കു് 20 പേരെ വീതം വില്ലേജ് ലവൽവർക്കേഴ്സ്ആയി നിയമിച്ചിരിക്കുന്നു. നെയ്യാററിൻകര– വിളവംകോട് പ്രോജക്ടിലെ 20 ലെവൽവർക്കേഴ്സിൽ 5 പേരും കുന്നത്തുനാട്–ചാലക്കുടി പ്രോജക്ടിലെ 20 ലെവൽവർക്കേഴ്സിൽ 9 പേരും ഗവ: സർവീസിലുള്ളവരാണ്. ലെവൽവർക്കേഴ്സായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന വർക്ക് സെപ്തംബർ 15 മുതൽ ഒരു മാസത്തെ പരിശീലനം നൽകുന്നതായിരിക്കും. പരിശീലനകാലത്തു്, സർവീസിൽനിന്നെടുത്തവർക്ക് അവരുടെ ശമ്പളത്തിനു പുറമേ 35 രൂപയും അല്ലാത്തവർക്ക് 50 രൂപയും സ്റ്റൈപ്പൻറ് ലഭിയ്ക്കുന്നതാണ്. പരിശീലനത്തിനുശേഷം ലെവൽവർക്കേഴ്സിനു് 30–45 രൂപ ശമ്പളവും സാധാരണ ഡി. എ. യും ലഭിക്കുന്നതാണ്.

രജിസ്ട്രേഷൻ ആക്ട്

1951 ഏപ്രിൽമുതൽ ഇൻഡ്യൻ രജിസ്ട്രേഷൻ ആക്ട് തിരു—കൊച്ചിയിൽ പ്രയോഗത്തിൽ വന്നതോടുകൂടി ആധാരമെഴുത്തുകാർക്ക് ലൈസൻസ് ഏർപ്പെടുത്തിക്കൊണ്ടുള്ള ഈ സംസ്ഥാനത്തെ ചട്ടങ്ങൾ ദുർബലമായിപ്പോവുകയുണ്ടായല്ലോ. എന്നാൽ ആധാരമെഴുത്തിനു് ലൈസൻസ് ഏർപ്പെടുത്തുന്നതു് ആവശ്യമാണെന്നു് സംസ്ഥാനത്തെ ഗവ: കരുതുന്നതുകൊണ്ടു് അതു് സാധിക്കത്തക്കവിധത്തിൽ ഇൻഡ്യൻ രജിസ്ട്രേഷൻ ആക്ടിൽ ഭേദഗതി വരുത്തുവാനായി ഇന്ത്യൻ രജിസ്ട്രേഷൻ ആക്ട് (തിരു–കൊച്ചി ഭേദഗതി) ബിൽ എന്നപേരിൽ ഒരു കരടുബിൽ ഗവ: പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

നിയമവിരുദ്ധമാക്കി

കോട്ടയത്തെ കൂയ്ൻസ് ഫർണിച്ചർ കമ്പനിക്കാരും അവിടുത്തെ തൊഴിലാളികളും തമ്മിലുള്ള തൊഴിൽത്തർക്കം അഡ്ജുഡിക്കേഷന് വിട്ടിരിക്കുന്നതുകൊണ്ടു് അവിടെ പണിമുടക്കം തുടരുന്നതിനെ നിയമവിരുദ്ധമായി പ്രഖ്യാപിച്ചിരിക്കുന്നു.

കുത്തഅണ്ടി മിനിമം വേജസ് കമ്മററി

എ. ഡി. ബോളണ്ട് രാജിവച്ച ഒഴിവിൽ കുത്തഅണ്ടി മിനിമം വേജസ് കമ്മററിയിൽ മുതലാളിമാരുടെ പ്രതിനിധിയായി കുണ്ടറ പീയേഴ്സ്ലസ്ലി കമ്പനിയിലെ ആർ. ജെ. ജോണിനെ ഗവ: നോമിനേററ് ചെയ്തിരിക്കുന്നു.

20 റാത്തൽ തുണി

തീവണ്ടിയിലോ, മോട്ടോർ വാഹനങ്ങളിലോ, വിമാനത്തിലോ, കപ്പലിലോ മററുജലവാഹനങ്ങളിലോ യാത്രചെയ്യുന്ന ഒരാൾക്ക് 20 റാത്തൽ വരെ തുണിയോ നൂലോ തൻെറ ലഗേജിൻെറ ഭാഗമായിക്കൊണ്ടുപോകാമെന്നു് കാട്ടൺടെക്സ്റ്റൈയിൽസ് കൺട്രോൾ ഉത്തരവിൽ ഒരു ഭേദഗതി വരുത്തിയിരിക്കുന്നു.

അപേക്ഷക്ഷണിക്കുന്നു

വിദ്യാഭ്യാസവകുപ്പിൽ 30—50 രൂപാ സ്കെയിലിൽ സംഗീതാദ്ധ്യാപകന്മാരായി നിയമിക്കപ്പെടുന്നതിനു് പ. സ. കമ്മീഷൻ അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു. അപേക്ഷകൾ ഒക്ടോബർ ഒന്നാംതീയതിക്കുമുമ്പ് അയച്ചിരിക്കേണ്ടതാണ്.

എറണാകുളം ലാകാളേജിൽ 200 രൂ. അലവൻസിൽ രണ്ടു് പാർട്ട്ടൈം ലക്ചറർമാരെ നിയമിക്കുന്നതിനു് യൂണിവേഴ്സിററി രജിസ്ട്രാർ അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു.

തൊഴിൽത്തർക്കങ്ങൾ

തിരുവനന്തപുരത്തുള്ള സൂപ്രണ്ടുതർവർക്ക്സും അവിടുത്തെ തൊഴിലാളികളുംതമ്മിൽ നടന്നുവന്ന തൊഴിൽത്തർക്കം കൊല്ലം ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനു് ഗവർമ്മെൻറിൽനിന്നും റെഫർ ചെയ്തിരിക്കുന്നു.

പമ്പാറിവർഫാക്ടറി മാനേജ്മെൻറ് (തിരുവല്ലാ) അവിടുത്തെ സ്റ്റാഫംഗങ്ങളും തമ്മിൽ ആലപ്പുഴ ട്രിബ്യൂണൽ കോടതിയിൽ നടന്നുവന്നിരുന്ന തൊഴിൽത്തർക്കത്തിലെ അവാർഡിന്മേൽ മാനേജുമെൻറ് ബാംബെ അപ്ലേററ് ട്രിബ്യൂണൽ കോടതിയിൽ കൊടുത്തിരുന്ന അപ്പീൽ തള്ളിക്കൊണ്ടു് വിധിപ്രസ്താവിച്ചിരിക്കുന്നു.

1949—1950, 1950–51, 51–52 എന്നീ വർഷങ്ങളിലേക്ക് കൊല്ലം എ. ഡി. കാട്ടൺമില്ലിലെ തൊഴിലാളികൾക്ക് ബോണസ് ലഭിക്കുവാൻ അവകാശമുണ്ടോ എന്ന പ്രശ്നം കൊല്ലം ഇൻഡസ്ട്രിയൽ ട്രിബ്യൂണലിൻെറ തീരുമാനത്തിനായി ഗവ: റെഫർ ചെയ്തിരിക്കുന്നു.

ഇന്നലെ സെക്രട്ടേറിയററിൽ കൂടിയ ത്രികക്ഷിസമ്മേളനത്തിലെ തീരുമാനമനുസരിച്ച് പെരുമ്പാവൂർ റയൺസിലെ തൊഴിൽക്കുഴപ്പമവസാനിപ്പിക്കുകയും പണിമുടക്ക് അവസാനിപ്പിക്കുകയും ചെയ്തിരിക്കുന്നു. അടുത്ത രണ്ടുവർഷത്തേയ്ക്കു് കൂലിയും മററു സേവനവ്യവസ്ഥകളും സംബന്ധിച്ച കരാറുകളും ചെയ്തിട്ടുണ്ട്. അതനുസരിച്ച് സ്വീപ്പർമാർ, റീലിംഗ്ഫൊൺകുട്ടികൾ, അസോർട്ടിംഗ്സഹായികൾ എന്നിവരുടെ ശമ്പളം 13 അണയിൽനിന്നു് 1 രൂപാ 1 ണ. യും മസ്ദൂർമാർക്കും സ്കാവഞ്ചർമാർക്കും ശമ്പളം 1 രൂ. 5 ണ. യായും ജൂണിയർ ഓപ്പറേററർമാരുടെ ശമ്പളം 2 രൂ. 2 ണ. യായും ഉയർത്തിയിരിക്കുന്നു. ക്ലാർക്കന്മാർക്കും ഡാക്ടർ ഡ്രൈവർമാർക്കും 10 രൂപാ പ്രത്യേക അലവൻസ് നൽകാനും ശമ്പളത്തിൻെറ 25 ശതമാനം കൂടുതൽ നൽകാനും തീരുമാനിച്ചു. 52 ജൂൺ 1–ാംതീയതി മുതൽ ഈ തീരുമാനങ്ങൾ പ്രാബല്യത്തിൽ വരുന്നതാണ്. 1950–ലേയ്ക്കു് 15 ദിവസത്തെ ശമ്പളം ബോണസു നൽകാനും വ്യവസ്ഥചെയ്തിട്ടുണ്ട്.

അറിയിപ്പ്

അഷ്ടമിരോഹിണി പ്രമാണിച്ച് ഇന്നു് ആഫീസ് ഒഴിവാകയാൽ നാളെ (12–9–52)"ദേശബന്ധു" പുറപ്പെടുന്നതല്ല.

മാനേജർ.

മന്ത്രികളത്തിൽ

ക്രമസമാധാനവകുപ്പിൻെറ ചാർജ്ജുവഹിക്കുന്നു

(സ്വ–ലേ) തിരു: സെ. 10

മന്ത്രി ടി. എം. വറുഗീസിൻെറ അഭാവത്തിൽ മന്ത്രി കളത്തിൽ വേലായുധൻ നായർ സംസ്ഥാനത്തെ ക്രമസമാധാനവകുപ്പിൻെറ ചാർജ്ജുകൂടി വഹിക്കുന്നതാണ്.

ഉപദേശകസമിതി

കമ്മ്യൂണിററിപ്രോജക്ററുകേന്ദ്രങ്ങളിൽ

(സ്വ–ലേ) തിരു, സെപ്: 9

ഓരോ കമ്മ്യൂണിററി പ്രോജക്ട്കേന്ദ്രങ്ങളിലേയും പ്രവർത്തനം സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകാൻ ഓരോ ഉപദേശകസമിതി രൂപീകരിച്ചിരിക്കുന്നു ഈ സമിതിയിൽ 12 അംഗങ്ങൾ വീതമുണ്ടായിരിക്കും. ഇതിൽ ഉദ്യോഗസ്ഥാംഗങ്ങളായി അതതു സ്ഥലത്തെ പ്രോജക്ട് എക്സിക്യൂട്ടീവ് ആഫീസറും ഡിസ്ട്രിക്ട് കളക്ടറും മാത്രമേ ഉണ്ടായിരിക്കൂ. ഓരോ പ്രോജക്ട് മേഖലയിലുള്ള എല്ലാ നിയമസഭാംഗങ്ങളും ഉപദേശകസമിതിയിൽ അംഗങ്ങളാണ്.

മതപഠനക്ലാസ്

ഇന്നു് ഉദ്ഘാടനകർമ്മം

(സ്വ–ലേ) തിരു: സെ: 10

ഭഗവാൻ ശ്രീകൃഷ്ണൻെറ 5560–ാമതു ജന്മദിനമായ അടുത്ത വ്യാഴാഴ്ച (നാളെ) വൈകുന്നേരം നാലരമണിക്ക് ജന്മാഷ്ടമി ദിനാഘോഷവും ദേവസ്വം ബോർഡിൻെറ പദ്ധതിയനുസരിച്ചുള്ള മതപഠനക്ലാസിൻെറ ഉൽഘാടനവുംകൂടെ ഏകോപിച്ചുള്ള ഒരു ഹിന്ദുസമ്മേളനം രാജാകേശവദാസ് ഹൈസ്കൂളിൽവച്ച് മന്നത്തുപത്മനാഭൻെറ അദ്ധ്യക്ഷതയിൽ നടക്കുന്നതാണ്. സ്വാമി തപസ്യാനന്ദൻ, പി. ബാലകൃഷ്ണപിള്ള എന്നിവർ പ്രസംഗിക്കുന്നതാണ്.

യൂണിവേഴ്സിററി ആക്ട് പരിഷ്കരണം

റിപ്പോർട്ടുതയാറാക്കുവാൻ ഒരു കമ്മററി

(സ്വ–ലേ) തിരു: സെ: 10

തിരുവിതാംകൂർ യൂണിവേഴ്സിററി റിഫോംസ് കമ്മററിയുടെ ഒരു യോഗം ഇന്നലെയും ഇന്നുമായി യൂണിവേഴ്സിററി ആഫീസിൽവച്ച് ഡാക്ടർ രാമസ്വാമിമുതലിയാരുടെ അദ്ധ്യക്ഷതയിൽ കൂടി യൂണിവേഴ്സിററി ആക്ട് പരിഷ്ക്കരണം സംബന്ധിച്ചുള്ള പൊതുചർച്ചകൾ നടത്തി. ആക്ട് പരിഷ്ക്കരിക്കുന്നതിനെപ്പററി അന്വേഷിച്ച് ഒരു റിപ്പോർട്ടു തയാറാക്കി കമ്മററിയിൽ സമർപ്പിക്കുന്നതിനു് വൈസ് ചാൻസലർ, പ്രോവൈസ് ചാൻസലർ, പട്ടംതാണുപിള്ള, വി. ഒ. മർക്കോസ്, കൈനിക്കര പത്മനാഭപിള്ള, ആർ. ശങ്കർ, പി. എസ്. ജോർജ്ജ്, കെ. കെ. മേനോൻ, ഗോവിന്ദരാജലു (മദ്രാസ്) എന്നിവരടങ്ങിയ ഒരു സബ്കമ്മററിയെ നിയോഗിച്ചിരിക്കുന്നു.

മശ്രുവാലായുടെ ശവസംസ്ക്കാര കർമ്മം

5000പേർസംബന്ധിച്ചവിലാപയാത്ര–മദ്ധ്യപ്രദേശ മുഖ്യമന്ത്രിയുടെ ഹൃദയസ്പർശകമായ പരാമർശന

വാർദ്ധാ, സെ. 10

ഇന്നലെ നിര്യാതനായ കെ. ജി. മശ്രുവാലായുടെ ഭൗതികാവശിഷ്ടം ഇന്നു രാവിലെ ഗോപുരിയിൽ പരേതനായ ജംനലാൽബജാജിനെ അടക്കംചെയ്തിട്ടുള്ളതിനു സമീപം അടക്കം ചെയ്യുകയുണ്ടായി.

പുഷ്പമാലുങ്ങളാൽ അലംകൃതമാക്കപ്പെട്ട മൃതദേഹം, ഇന്നു രാവിലെ 9 മണിക്ക് ബജാജ് വാർദ്ധായിൽനിന്നു്കൊണ്ടുപോയി. "രാംധുൻ" കീർത്തനവും മററു ഭക്തിമയമായ കീർത്തനങ്ങളും ആലപിച്ച് ഏകദേശം 5000പേരടങ്ങിയ ഒരു വിലാപയാത്ര മൃതദേഹത്തെഅനുഗമിച്ചു. മദ്ധ്യപ്രദേശ് മുഖ്യമന്ത്രിരവിശങ്കർ ശുക്ലായാണ് ജനക്കൂട്ടത്തെ നയിച്ചതു്. കാക്കാകലേൽക്കർ, നാഗപ്പൂർ പ്രദേശ് കോൺഗ്രസ് കമ്മററി പ്രസിഡണ്ട് മദൻഗോപാൽ അഗ്രവാൾ മുതലായവർ വിലാപയാത്രയിൽ സംബന്ധിച്ചിരുന്നു.

അന്ത്യകർമ്മങ്ങൾ നിർവഹിക്കപ്പെടുന്നതിനു മുമ്പായി പണ്ഡിററ് രവിശങ്കർ ശുക്ലാ മശ്രുവാലായ്ക്ക് നിത്യശാന്തി ആശംസിച്ചു. 'ഹരിജൻ' വാരിക മുഖേന മശ്രുവാലാ ജനങ്ങളെസേവിച്ച എന്നും മശ്രുവാലായുടെ പ്രചോദനജനകമായ ലേഖനങ്ങൾ സ്വർണ്ണലിപികൾപോലെ എക്കാലത്തും നിലനിൽക്കുമെന്നും ശുക്ലാ പ്രസ്താവിച്ചു.

(പി. ററി. ഐ.)

കർഷകർക്ക് കാർഷികോപകരണങ്ങൾ

വില പലതവണകളായി അടച്ചാൽ മതി

(സ്വ–ലേ) തിരു, സെ: 10

ആധുനിക കാർഷികോപകരണങ്ങൾ സർവസാധാരണമാക്കുന്നതിനായി പുതിയ രീതിയിലുള്ള കലപ്പ, പമ്പിംഗ് പ്ലാൻറുകൾ, കരിമ്പുമില്ലുകൾ തുടങ്ങിയ ഉപകരണങ്ങൾ ഹയർപർച്ചേസ് സിസ്റ്റമനുസരിച്ച് കർഷകർക്കു നൽകാനായി കൃഷി ഡിപ്പാർട്ടുമെൻറിനെ അധികാരപ്പെടുത്തിയിരിക്കുന്നു. കർഷകർ വാങ്ങുന്ന ഉപകരണങ്ങളുടെ വില പലതവണകളിലായി അടച്ചുതീർത്താൽ മതിയാകുന്നതാണ്. ഇതുസംബന്ധിച്ചുള്ള ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഉപകരണങ്ങൾ ഈ പദ്ധതിയനുസരിച്ചു വാങ്ങുന്ന കർഷകരിൽനിന്നു് ഒരു തവണ 10000 രൂപയിൽ കൂടുതൽ ഈടാക്കുന്നതല്ല. കർഷകർക്കു 3000 രൂപാവരെ വിലയുള്ള ഉപകരണങ്ങൾ വിൽക്കാൻ കൃഷിഡയറക്ടർക്ക് അധികാരം നൽകിയിട്ടുണ്ട്. അതിൽ കൂടുതലായ തുകയ്ക്കുള്ള ഉപകരണങ്ങൾ വിൽക്കാൻ ഗവർമ്മെൻറിൻെറ അനുവാദം ആവശ്യമാണ്. മൂന്നരശതമാനം പലിശ നിരക്കാണ് ഈ ലോണിനു് നിശ്ചയിച്ചിരിക്കുന്നതു്. ഇങ്ങനെ ഉപകരണങ്ങൾ വാങ്ങിക്കുമ്പോൾ ഉപകരണങ്ങളുടെ വിലയുടെ നാലിലൊരുഭാഗം തുക ആദ്യം അടച്ചിരിക്കണം.

കോട്ടയം

(സ്വ–ലേ) സെ: 11

"പാമ്പാടി സിദ്ധൻ" എന്നറിയപ്പെട്ടിരുന്ന ആൾ 85–ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

തിരു–കൊച്ചി ഗവർമ്മെൻറ് ടീച്ചേഴ്സ് അസോസിയേഷൻ ഡിസ്ട്രിക്ട് സമിതിയുടെ ഒരു യോഗം മുട്ടമ്പലം സ്കൂളിൽവച്ച് (എൻ. എസ്സ്. എസ്സ്.) ഇ. ശങ്കരവാര്യരുടെ അദ്ധ്യക്ഷതയിൽകൂടി പല തീരുമാനങ്ങളും ചെയ്തിരിക്കുന്നു. പെൻഷൻവയസ്സ് 60 ആക്കണമെന്നംശമ്പളസ്കെയിൽ 10 വർഷംകൊണ്ടു പൂർത്തിയാക്കത്തക്കവിധം ഇൻക്രിമെൻറിൽ വ്യത്യാസം വരുത്തണമെന്നും, യോഗങ്ങൾ കൂടുന്നതിനു സ്കൂളുകൾ സൌജന്യമായി അനുവദിക്കണമെന്നും മററുമാണ് നിശ്ചയങ്ങൾ.

തിരുനക്കര ക്ഷേത്രസന്നിധിയിൽവച്ച് ഇന്നും നാളെയുമാണ് കാട്ടൂർ ശങ്കരൻനായർ മതപ്രസംഗം നടത്തുന്നതു്.

സനാതനധർമ്മാശ്രയബോധോദയപ്രചാരത്തിൻെറ രണ്ടാമതു വാർഷികം വൈ. എം. സി. എ. ഹാളിൽവച്ച് എൻ. ഗോവിന്ദമേനവൻെറ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു.

ലാൻഡ്വകുപ്പുമന്ത്രി ചിദംബരനാഥനാടാർ ഇന്നലെ ഇവിടെ എത്തിയശേഷം എറണാകുളത്തേക്കു പോയിരിക്കുന്നു.

ഡെപ്യൂട്ടി കോവാപ്പറേററീവ് രജിസ്ട്രാർ ആയി നിയമിച്ചിരുന്ന വടിവേൽ മുരുകൻപിള്ള ഇന്നലെ ഐ. നാരായണപിള്ളയിൽനിന്നും ചാർജ്ജ് എടുത്തിരിക്കുന്നു.

സ്ഥലംമാറിപ്പോകുന്ന നാരായണപിള്ള അൽപ്പകാലത്തിനുള്ളിൽ ഈ താലൂക്കിലെ സഹകരണസ്ഥാപനങ്ങളുടെ പുരോഗതിക്കു നൽകിയ പ്രചോദനത്തോടു കൃതജ്ഞത പ്രദർശിപ്പിക്കാനും പുതിയ രജിസ്ട്രാരെ സ്വാഗതം ചെയ്യുന്നതിനുമായി ബാങ്കിംഗ് യൂണിയൻ ആഫീസിൽവച്ച് ഇന്നലെ വൈകിട്ട് 5 മണിക്ക് ഒരു സുഹൃൽസൽക്കാരം നൽകിയതായറിയുന്നു.

തെങ്ങിനു മരുന്നു തളിക്കുന്നതിനുപയോഗിക്കുന്ന പമ്പ് കുറഞ്ഞ വിലയ്ക്കു് കൃഷി ഇൻസ്പെക്ടർ ആഫീസിൽനിന്നും ലഭിക്കുന്നതാണ്.

മുട്ടമ്പലം ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിലെ അഷ്ടമിരോഹണിമഹോത്സവം സംബന്ധിച്ച് രാത്രി 7.30–ന് എൻ. ഗോവിന്ദമേനോൻെറ അദ്ധ്യക്ഷതയിൽ കൂടുന്ന ഹൈന്ദവസമ്മേളനത്തിൽ എം. ആർ. ജി. പണിക്കരും, ജി. പി. മാത്യുശ്ശേരിയും പ്രസംഗിക്കുന്നതാണ്.

ദക്ഷിണകേരള കുടുംബിമഹാജനസഭ 36–ാം നമ്പർ കോട്ടയം ശാഖയുടെ പ്രഥമവാർഷികപൊതുയോഗം കഴിഞ്ഞ ഞായറാഴ്ച താഴത്തങ്ങാടി എം. എം. പി. സ്കൂളിൽവച്ച് ടി സഭയുടെ ആലപ്പുഴ ഗ്രൂപ്പ് യൂണിയൻ പ്രസിഡണ്ട് കെ. ജി. നാരായണൻ (കുത്തിയതോട്) അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയും അടുത്തവർഷത്തേയ്ക്കു് പി. ലക്ഷ്മണൻ പ്രസിഡണ്ടായി 7 അംഗങ്ങളടങ്ങിയ ഒരു ഭരണസമിതിയെ തിരഞ്ഞെടുക്കുകയും ചെയ്തു.

"വിപ്ളവഗവണ്മെൻറ്"

കയറോ, സെ: 10

ജന: നഗ്വിബിൻെറ നേതൃത്വത്തിലുള്ള മന്ത്രിസഭ മേലാൽ "വിപ്ളവഗവർമ്മെൻറ്" എന്ന പേരിൽ അറിയപ്പെടുന്നതാണെന്നു് ഇന്നു പ്രസ്താവിക്കപ്പെട്ടു.

(പി. ററി. ഐ.)

ധനകാര്യമന്ത്രിമാരുടെ സമ്മേളനം

ഡൽഹിയിൽ വച്ച് ഒക്ടോബർ 14 നും 15 നും കൂടുന്നു

ന്യൂഡൽഹി, സെ: 10

സംസ്ഥാനധനകാര്യമന്ത്രിമാരുടെ സമ്മേളനം ഒക്ടോബർ 14, 15 എന്നീ തീയതികളിൽ ഇവിടെവച്ചു കൂടുന്നതാണെന്നു് അറിയുന്നു. കേന്ദ്രധനകാര്യമന്ത്രി സി. ഡി. ദേശമുഖ്, സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിക്കും. വിൽപ്പനനികുതി ചുമത്തലും ഭരണവും സംബന്ധിച്ച് ഒരു പൊതുനയം സ്വീകരിക്കുക എന്നതാണ് സമ്മേളനത്തിൻെറ പ്രധാന ചർച്ചാവിഷയം. നിർദ്ദിഷ്ടമായ നികുതി അന്വേഷണക്കമ്മററിയുടെ പ്രവർത്തനസാദ്ധ്യത, ഉല്പന്നങ്ങളുടെ വില നിയന്ത്രണം, സംസ്ഥാനങ്ങളുടെ ബഡ്ജററി നയങ്ങൾ ഏകീകരിക്കുക, സ്മാൾ സേവിംഗ്സ് പദ്ധതി ഊർജ്ജിതപ്പെടുത്തുക മുതലായ വിഷയങ്ങളും പര്യാലോചനയ്ക്കു് വിഷയീഭവിക്കുന്നതാണ്. (പി–ററി–ഐ)

സ്റ്റാലിന് 150 വർഷക്കാലം ജീവിക്കാം

സോവിയററ് റഷ്യയിലെശാസ്ത്രജ്ഞന്മാരുടെ ഉറപ്പ്

വാഷിംഗ്ടൺ, സെപ്ററംബർ 10

മാർഷൽ സ്റ്റാലിനു് "150 വർഷക്കാലംവരേയോ അതിലും കൂടുതൽ കാലത്തേയ്ക്കോ" ജീവിച്ചിരിക്കാൻ കഴിയുമെന്നു്—സോവിയററ് ശാസ്ത്രജ്ഞന്മാർ അദ്ദേഹത്തോടു പ്രസ്താവിച്ചതായി "യുണൈററഡ് സ്റ്റേററ്സ് ന്യൂസ് ആൻഡ് വേൾഡ് റിപ്പോർട്ട്" എന്ന ന്യൂസ് മാഗസീൻ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

സോവിയററ് ശാസ്ത്രജ്ഞന്മാർ അതു സംബന്ധിച്ച പരീക്ഷണങ്ങൾ നടത്തിവരികയാണ്. (പി–ററി–ഐ)

ശൂരനാട്ടു കൊലക്കേസ് പ്രതി

തോപ്പിൽ ഭാസ്ക്കരൻ പിള്ളയെഅറസ്റ്റുചെയ്തു

(പ്ര. ലേ) കൊല്ലം, സെ. 10

1125മുതൽഒളിവിലിരിക്കുന്ന ആളും വള്ളിക്കുന്നം തീവയ്പ്പു കേസ്സിലേയും ശൂരനാട്ടു കൊലക്കേസ്സിലേയും പ്രതിയുമായ തോപ്പിൽ ഭാസ്ക്കരൻപിള്ളയെ ഇന്നുരാവിലെ എട്ടുമണിക്ക് ചെങ്ങന്നൂർ എണ്ണക്കാട്ടു ശങ്കരനാരായണൻതമ്പിയുടെ വീട്ടിനു സമീപത്തുവച്ച് മാവേലിക്കര പോലീസ് ഇൻസ്പെക്ടർ ഗോപിനാഥൻപിള്ളയും രണ്ടുമൂന്നു റിസർവ്വു പോലീസുകാരുംകൂടി അറസ്റ്റുചെയ്തു് ചെങ്ങന്നൂർ പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്നിരിക്കുന്നു. കൊല്ലം സർക്കിൾ ഇൻസ്പെക്ടർ ഭാസ്ക്കരപ്പണിക്കരുടെ നിർദ്ദേശാനുസരണമാണ് ഈ അറസ്റ്റു നടന്നതു്. പ്രതിയെ നാളെ ഇവിടെ കൊണ്ടുവന്നു് സെഷൻസ്കോടതിയിൽ ഹാജരാക്കുന്നതുമാണ്.

ഈ പ്രതിയുടെ അറസ്റ്റിനു സഹായകമായ വിവരം നൽകുന്നവർക്ക് 1000 രൂപാ സമ്മാനം നൽകുന്നതാണെന്നു് ഗവർമ്മെൻറ് പ്രഖ്യാപനം ചെയ്തിരുന്നതാണെന്നുള്ള വസ്തുതയും സ്മരണീയമാണ്.

കുരുമുളക് തടഞ്ഞുവച്ച

അതേപ്പററി ചർച്ചചെയ്യാൻ യോഗം കൂടുന്നു

കൊച്ചി, സെ. 10

അടുത്തകാലത്തു് അമേരിക്കൻ അധികൃതർ ന്യൂയോർക്കിൽ, ഇന്ത്യൻ കുരുമുളക് തടഞ്ഞുവച്ചതിനെപ്പററിയും അതുസംബന്ധിച്ച് പരിഹാരനടപടികൾ നിർദ്ദേശിക്കുന്നതിനേക്കുറിച്ചും പര്യാലോചിക്കുന്നതിനായി ഇന്ത്യൻ കുരുമുളക് കയററുമതി ചെയ്യുന്നവരുടെ ഒരു സമ്മേളനം സെപ്തംബർ 15–ാം തീയതി

ദേശബന്ധു

1128 ചിങ്ങം 26 വ്യാഴം

ആ സൈനിക വിപ്ലവങ്ങൾ

കഴിഞ്ഞ ഏതാനും വാരങ്ങൾക്കുള്ളിൽ ഈജിപ്തിൽ "രക്തച്ചൊരിച്ചിൽ കൂടാതുള്ള" രണ്ടു സൈനികവിപ്ലവങ്ങൾ നടന്നിരിക്കുന്നു. ഫറൂക്കരാജാവിന്റെ ഏകാധിപത്യത്തിൽ ജനങ്ങൾക്ക് അസഹ്യമായിത്തീർന്ന ദുർഭരണമവസാനിപ്പിക്കാൻ രാഷ്ട്രീയനേതാക്കന്മാർ അസമർത്ഥരായി ചമഞ്ഞതിനെത്തുടർന്ന് ജനറൽ നഗീബിന്റെ നായകത്വത്തിൽ ആദ്യമൊരു സൈനികവിപ്ലവം മുഖേന രാജാവിനെ രാജ്യഭ്രഷ്ടനാക്കി അലിമഹാറിന്റെ നേതൃത്വത്തിൽ മന്ത്രിസഭ രൂപീകരിച്ചു. ഈ മന്ത്രിസഭ താരതമ്യേന വിപ്ലവകരമായ ഒരു ഭൂപരിഷ്ക്കരണത്തിനും സാമ്പത്തികമായ പരിവർത്തനങ്ങൾക്കും തയ്യാറായെങ്കിലും, ജന: നഗീബിന്റെ സൈനികവിപ്ലവനേതൃത്വം അതുകൊണ്ടു തൃപ്തമായില്ല. അവരാവശ്യപ്പെട്ടതുകൂടുതൽ വിപ്ലവകരമായ പരിഷ്ക്കാരങ്ങൾക്കു മന്ത്രിസഭ തയ്യാറല്ലായിരുന്നു. അന്തസമയം, ഈജിപ്തിൽ രാഷ്ട്രീയജീവിതത്തെ സർവഥാ അധപ്പതിപ്പിച്ച രാഷ്ട്രീയകക്ഷികളുടെ ശുദ്ധീകരണം ജന: നഗീബാവശ്യപ്പെട്ടതു തൃപ്തികരമായി നടത്താൻ ആ കക്ഷികൾ സന്നദ്ധമായതുമില്ല. ഇങ്ങനെ ആദ്യത്തെ സൈനികവിപ്ലവത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ സമ്പ്രാപ്തമായില്ലെന്ന കാരണത്താലാണ്, അലിമഹാറിന്റെ മന്ത്രിസഭയെ തുരത്തിക്കൊണ്ടും പ്രമുഖ രാഷ്ട്രീയനേതാക്കന്മാരെയെല്ലാം ഇരുമ്പഴിക്കുള്ളിലടച്ചുകൊണ്ടും രണ്ടാമതൊരു സൈനികവിപ്ലവം മുഖേന "ഉരുക്കുമനുഷ്യനായ ജന: നഗീബ്" ഈജിപ്തിൽ ഏകാധിപത്യവാഴ്ച ആരംഭിച്ചിരിക്കുന്നത്.

ആദർശലക്ഷ്യങ്ങൾ എത്രമാത്രം നല്ലതാണെങ്കിലുംശരി, സൈനികവിപ്ലവങ്ങൾ താത്വികമായി അനഭിലഷണീയവും ആപൽക്കരവുമാണ്. ഈജിപ്റ്റിനെ അസഹ്യമായ ദുർഭരണത്തിൽനിന്നു മോചിപ്പിച്ച നേതാവെന്നനിലയിൽ ജന: നഗീബിനെയും ഈ സൈനികവിപ്ലവങ്ങളെയും ജനങ്ങൾ തൽക്കാലം സ്വാഗതംചെയ്താലും, ജന: നഗീബിന്റെ ഏകാധിപത്യം സൽഭരണത്തിന്റെ പര്യായമായിത്തീരണമെന്നില്ല. ഇതുപോലുള്ള ഏകാധിപത്യങ്ങൾ അവസാനം ലോകത്തിനു പൊതുവെ വരുത്തിവയ്ക്കുന്ന വിപത്തുകൾ ധാരാളം അനുഭവിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ളതാണ്.

രാഷ്ട്രീയപാർട്ടികളുടെയും നേതാക്കന്മാരുടെയും കൊള്ളരുതായ്മകളാണ്, ഇതുപോലുള്ള സൈനിക വിപ്ലവങ്ങൾക്കും, ഏകാധിപത്യത്തിനും, അതിന്റെ അവശ്യവിപത്തുകൾക്കും ഇടനൽകുന്നതെങ്കിലും, ആ കൊള്ളരുതായ്മകൾ ഏകാധിപത്യത്തെ സ്വാഗതാർഹമാക്കുമോ? ആക്കുന്നില്ലതന്നെ. രാഷ്ട്രീയപാർട്ടികളുടെ ശുദ്ധീകരണം സൈന്യസഹായത്തോടുകൂടി മുകളിൽനിന്ന് അടിച്ചേല്പിക്കേണ്ടതല്ല. രാഷ്ട്രീയജീവിതവും ഭരണവും ശുദ്ധീകരിക്കാനുള്ള അവസരവും ഭാരവും ജനങ്ങളെ ഏൽപ്പിക്കുകയുന്നതാണ് നാഗരികമായ നയവും പരിപാടിയും. കൊള്ളരുതാത്ത രാഷ്ട്രീയനേതാക്കന്മാരെ പുറംതള്ളേണ്ടതു് ജനേച്ഛ (will of the people) ആണ്. പൊതുതെരഞ്ഞെടുപ്പുവഴിയായി ജനങ്ങൾക്ക് അതിനവസരം നൽകുകയാണുവേണ്ടതു്. ഫറൂക്കരാജാവിന്റെകാലത്ത് അതു് സാദ്ധ്യമായിരുന്നില്ല. സ്വേച്ഛാധിപത്യമോഹമല്ല, പ്രത്യുത: സൽഭരണകാംക്ഷയാണ് സൈനികവിപ്ലവങ്ങൾക്ക് ജന: നഗീബിനു പ്രേരണനൽകിയിട്ടുള്ളതെങ്കിൽ ജനാധിപത്യത്തിന്റെ മാർഗ്ഗങ്ങൾ ഇനിയും അദ്ദേഹത്തിനു സ്വീകരിക്കാവുന്നതാണ്.

മൌലികാവകാശമല്ല

അക്കാനി ചെത്തുകയും കുടിക്കുകയും വിൽക്കുകയും ചെയ്യുന്നതു്—മദ്രാസ് ഹൈക്കോടതി വിധി

മദ്രാസ്, സെ: 9

മധുരക്കള്ള് (അക്കാനി) ചെത്തുകയും, കുടിക്കുകയും, വിൽക്കുകയും ചെയ്യുന്നതിനുള്ള തങ്ങളുടെ അവകാശം പ്രയോഗിക്കുമ്പോൾ അതിൽ കൈകടത്താതിരിക്കണമെന്ന് സംസ്ഥാനഗവർണ്ണമെന്റിനോട് ആജ്ഞാപിച്ചുകൊണ്ടുള്ള ഒരു റിട്ട് ആഫ് മാൻഡാമസ് പുറപ്പെടുവിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തെക്കെ മലബാറിലെ ഏതാനും തീയ്യന്മാർ മദ്രാസ് ഹൈക്കോടതിമുമ്പാകെ ബോധിപ്പിച്ചിരുന്ന ഹർജ്ജി ജഡ്ജി കെ. സുബ്ബറാവു ഇന്നു തള്ളിക്കളഞ്ഞിരിക്കുന്നു.

ചരിത്രാതീതകാലംമുതൽക്കുതന്നെ തങ്ങൾ തെക്കെ മലബാറിലെ തെങ്ങും പനയും ചെത്തി ഇളംകള്ളും (അക്കാനി) മൂത്ത (ലഹരിയുള്ള) കള്ളും ഉണ്ടാക്കിയാണ് ജീവസന്ധാരണം ചെയ്തുപോന്നിട്ടുള്ളതെന്ന് 15 തീയ്യന്മാർ അവരുടെ അപേക്ഷയിൽ പറഞ്ഞിരുന്നു.

ബ്രിട്ടീഷ് ഭരണത്തിന്റെ കീഴിൽ, മധുരക്കള്ളോ ചക്കരയോ ഉണ്ടാക്കുന്നതിനുവേണ്ടി മരങ്ങൾ ചെത്തുന്നകാര്യത്തിൽ യാതൊരുവക നിയന്ത്രണങ്ങളും ഉണ്ടായിരുന്നില്ല. മദ്രാസ് മദ്യനിരോധനനിയമപ്രകാരം ഗവർണ്ണമെന്റിൽനിന്നും ഒരു ലൈസൻസ് വാങ്ങാതെ മധുരക്കള്ളിനുവേണ്ടി മരം ചെത്തുന്നതു് ഒരു കുററമാക്കിത്തീർത്തിട്ടുണ്ട്.

മദ്രാസ് മദ്യനിരോധനനിയമവും അതിൻപ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും തങ്ങളുടെ മൌലികാവകാശങ്ങളുടെ മേൽ അന്യായമായ നിയന്ത്രണം ചുമത്തുന്നുവെന്ന അടിസ്ഥാനത്തിലാണ് ഹർജ്ജിക്കാർ സങ്കടപരിഹാരം തേടിയതു്.

ചുമത്തപ്പെട്ടിട്ടുള്ള നിയന്ത്രണങ്ങൾ നൂറായവും, പൊതുതാല്പര്യത്തെ മുൻനിറുത്തി ആവശ്യവും ആണെന്നാണ് ഗവർണ്ണമെന്റഭാഗത്തുനിന്നും വാദിച്ചതു്.

ഒരു "കേന്ദ്രമത പരിശീലന സങ്കേതം"

മതസ്ഥാപനങ്ങളും ദേവസ്വങ്ങളും താറുമാറാക്കാതെ സൂക്ഷിക്കുന്നതിന്, ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ—കുമ്പളത്തിന്റെ നിർദ്ദേശം

ചട്ടമ്പിസ്വാമികളുടെ 99-ാമതു ജന്മദിനം ദേ:ബോ പ്രസിഡണ്ട് പി. ജി. എൻ. ഉണ്ണിത്താന്റെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു—സ്വാമികളുടെ ജന്മദിനം തിരു-കൊച്ചിയിൽ ഒരു പൊതുഒഴിവുദിനമാക്കണമെന്നഭ്യർത്ഥന

(സ്വ-പ്ര) തിരു: സെ: 9

ചട്ടമ്പിസ്വാമി ജയന്തി പ്രമാണിച്ച് ഇന്നു വൈകിട്ട് 6 മണിക്കു വി. ജെ. ററി. ഹാളിൽവച്ച് ദേവസ്വംബോർഡ് പ്രസിഡണ്ടു പി. ജി. എൻ ഉണ്ണിത്താന്റെ അദ്ധ്യക്ഷതയിൽ ഒരു മഹായോഗം കൂടുകയുണ്ടായി. മന്നത്തുപത്മനാഭൻ തുടങ്ങി സംസ്ഥാനത്തെ ഒട്ടധികം പ്രശസ്തവ്യക്തികൾ യോഗത്തിൽ സംബന്ധിച്ചിരുന്നു. പി. കെ വൈദ്യന്റെ സ്വാഗതപ്രസംഗത്തെ തുടർന്ന് പ്രഫസർ സി. ഐ. ഗോപാലപിള്ള എം. എ. യുടെ കവിതാഗാനമാണുനടന്നതു്. സ്വാമിജിയുടെ ജീവിതാദർശത്തെയും, സന്ദേശത്തെയും പരാമർശിച്ച് സംസ്കൃതകാളേജ് പ്രിൻസിപ്പാൾ എൻ. ഗോപാലപിള്ള എം. എ., ഭിഷക്ഭൂഷണകവിരാജ് ഡോക്ടർ കെ. ജി. ഗോപാലപിള്ള, കുമ്പളത്തു ശങ്കുപ്പിള്ള എന്നിവർ പ്രസംഗിച്ചു.

അദ്ധ്യക്ഷപ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി.

ചട്ടമ്പിസ്വാമികൾ ഹിന്ദുആചാര്യന്മാരുടെ ഗണത്തിൽപ്പെടുന്ന ഒരു ദിവ്യപുരുഷനായിരുന്നു ചെറുപ്പത്തിൽ കുചേലനെപ്പോലെ കഠിന ദാരിദ്ര്യദു:ഖം അദ്ദേഹം അനുഭവിക്കേണ്ടിവന്നു. നാലുരൂപാ ശമ്പളത്തിൽ കണക്കപ്പിള്ളയായി അദ്ദേഹം ജോലി നോക്കി. ദിവാൻ സർ ററി. മാധവറാവു, അദ്ദേഹത്തിന്റെ കാര്യശേഷികണ്ടു സന്തോഷിച്ച് ശമ്പളം 10 രൂപയാക്കി വർദ്ധിപ്പിച്ചു. എന്നാൽ സ്വാമികൾ പഴയപടി നാലുരൂപാമാത്രം സ്വീകരിച്ച് 6 രൂപാ തിരിച്ചു കൊടുക്കുകയാണുണ്ടായതു്. നാലുരൂപാ ശമ്പളത്തിൽനിന്നുതന്നെ അദ്ദേഹം സ്നേഹിതന്മാരെ ഉദാരമായി സഹായിച്ചുകൊണ്ടിരുന്നു. സ്വാമികളുടെ ആവശ്യങ്ങൾ അത്ര പരിമിതങ്ങളായിരുന്നു. മാതാവിന്റെ മരണത്തിനുശേഷം അദ്ദേഹം സ്വഗൃഹത്തിലേയ്ക്കു തിരിച്ചുപോയിട്ടില്ല. അദ്ദേഹം നാടെട്ടുക്കു ചുററിനടന്ന് ഹിന്ദുസന്യാസിയായി കാലയാപനം ചെയ്യുകയാണുണ്ടായതു്. മനുഷ്യരും ജന്തുക്കളുമായി മാത്രമല്ല, വൃക്ഷലതാദികളോടും അദ്ദേഹം മമതാബന്ധം പുലർത്തിപ്പോന്നു. ജ്യോതിഷം, മർമ്മവിദ്യ, വിഷവൈദ്യം എന്നിശാസ്ത്രങ്ങളിൽ അദ്ദേഹം പാരംഗതനായിരുന്നു ആ വിജ്ഞാനമെല്ലാം മററുള്ളവരുടെ ഗുണത്തിനായി അദ്ദേഹം വിനിയോഗിക്കുകയുംചെയ്തു അദ്ദേഹം മലയാളികളുടെ മാത്രമല്ല, മനുഷ്യസമുദായത്തിന്റെതന്നെ പൊതുസ്വത്താണ്. വൈദേശിക സംസ്കാരം വൈദേശികാക്രമണങ്ങളിൽപ്പെട്ടു നശിച്ചുപോകാതെ പരിരക്ഷിച്ച ആചാര്യപരമ്പരകളിൽപ്പെട്ട അദ്ദേഹത്തിന്റെ ആത്മീയപ്രചോദനം നമുക്ക് മാർഗ്ഗദർശകമാകട്ടെ.

കുമ്പളത്തുശങ്കുപ്പിള്ള ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു:-

മതമണ്ഡലത്തിൽ എന്റെ പ്രവേശനം അനർഹമാണെന്ന് എനിക്ക് ആശങ്കയുണ്ട്. പലരും വിശ്വസിക്കുന്നതുപോലെ ചട്ടമ്പിസ്വാമികളുടെ ശിഷ്യത്വം എനിക്കില്ല ഒരു പിതാവിനു പുത്രനോടുള്ള വാത്സല്യമാണ് സ്വാമികൾ ആദ്യന്തം എന്നോടു പ്രദർശിപ്പിച്ചിട്ടുള്ളതു്. സ്വാമികൾ അവസാനമായി എന്റെ ആതിഥ്യം സ്വീകരിച്ചപ്പോൾ സമാധിനിശ്ചയത്തെപ്പററി എന്നോടു പറയുകയുണ്ടായി. വേദാന്തത്തിന്റെ വെളിച്ചം എന്നിൽ വീശിയതുപോലെയുള്ള ഒരനുഭൂതിയാണ് എനിക്കുണ്ടായതു്. സ്വാമികളുടെ നിത്യമായ ആശീർവാദം എനിക്കുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ സ്വാമിയുടെ ഒരു നിത്യഭക്തനാണെന്നുള്ളതിൽ കവിഞ്ഞു എനിക്കിപ്പോൾ ഒന്നും പറയാനില്ല. മതസ്ഥാപനങ്ങളും ദേവസ്വങ്ങളും താറുമാറാക്കാതെ സൂക്ഷിക്കുന്നതിനായി ഒരു കേന്ദ്രമതപരിശീലനസങ്കേതം ഉണ്ടായിരിക്കേണ്ടതാണെന്നും അതിനു മുന്നിട്ടു പരിശ്രമിക്കേണ്ട കടമ ദേവസ്വംബോർഡിനാണെന്നും ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ ദുർല്ലഭം ചിലർ സംസ്കൃതം പഠിക്കുന്നുണ്ടെങ്കിൽ അതു് ഉപജീവനത്തിനുവേണ്ടിമാത്രമാണ്. ആ നില മാററി, വേദശാസ്ത്രങ്ങളിൽ ശരിയായ വിജ്ഞാനം സമ്പാദിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഏർപ്പെടുത്തേണ്ടതും ആശ്രമങ്ങളും ഇതരമതസ്ഥാപനങ്ങളും ഏറെറടുത്തു നടത്തേണ്ടതും ദേവസ്വംബോർഡിന്റെ കടമയാണ്. ഇക്കാര്യത്തിൽ എന്റെ എല്ലാ കഴിവുകളും സേവനങ്ങളും സമർപ്പിക്കാൻ ഞാൻ സന്നദ്ധനാണെന്നും പ്രസ്താവിച്ചുകൊള്ളട്ടെ.

പ്രമേയം

പരമഭട്ടാര ശ്രീ. ചട്ടമ്പിസ്വാമികളുടെ ജന്മദിനം തിരു-കൊച്ചിയിൽ പൊതു ഒഴിവുദിവസമായി പ്രഖ്യാപനം ചെയ്യണമെന്നുള്ള പ്രമേയം സന്തുഷ്ടനം ഐകകണ്ഠ്യേന പാസ്സാക്കി.

ഇതുസംബന്ധിച്ച് ഗവർണ്ണമെന്റുമായി എഴുത്തുകുത്തുകൾ നടത്തുന്നതിനു കുമ്പളം, ഉൾപ്പെടെ മൂന്നുപേരടങ്ങിയ ഒരു കമ്മററിയും രൂപവൽക്കരിക്കപ്പെട്ടിട്ടുണ്ട്.

"യഥാർത്ഥ വിപ്ലവം"

വിനോബാജിയുടെ അഭിപ്രായം

നാഗപ്പൂർ: സെ: 9

വായുവും വെള്ളവും വെളിച്ചവും പോലെ ഭൂമിയും ദൈവത്തിന്റെ സ്വത്താണെന്ന് ഓരോഗ്രാമീണനും തോന്നുന്ന സ്ഥിതിയാണ് യഥാർത്ഥ വിപ്ലവമെന്ന് വിനോബാജി കരുതുന്നതായി ദാമോദർദാസ് പ്രസ്താവിച്ചിരിക്കുന്നു. വിനോബാജിയുടെ സെക്രട്ടറിയായ ദാസ് ഒരു പ്രസ്കോൺഫറൻസ് നടത്തുകയായിരുന്നു അദ്ദേഹം ഇങ്ങനെ തുടർന്നു പറഞ്ഞു. "പന്തീരായിരം ആളുകളിൽ നിന്നായി ഇതുവരെ 350000 ഏക്കർ ഭൂമി ലഭിച്ചിട്ടുണ്ട്. ഒരു വണ്ടിക്കാരനിൽ നിന്നും ലഭിച്ച ഒരു സെൻറുഭൂമിയും കാശി നരേശനിൽനിന്നും ലഭിച്ച 1,0000 ഏക്കർ ഭൂമിയും ഇതിലുൾപ്പെടുന്നുണ്ട്. ഉത്തരപ്രദേശത്തുനിന്നും 310000 ഏക്കറും തെലുങ്കാനായിൽനിന്നു 20000 ഏക്കറും മദ്ധ്യപ്രദേശത്തുനിന്നും 9000 ഏക്കറും ഭൂമി ദാനമായി ലഭിച്ചിട്ടുണ്ട്. ഭൂമിയില്ലാത്ത 5000 കുടുംബങ്ങൾക്കായി 22 00ഏക്കർ ഭൂമി ഇതിനകം വിതരണംചെയ്തിട്ടുണ്ട്. ഇൻഡ്യയിലാകെയുള്ള 257 ജില്ലകളിൽ ഓരോന്നിൽ നിന്നും രണ്ടുലക്ഷം ഏക്കർവീതം ഭൂമി ലഭിക്കേണ്ടിയിരിക്കുന്നു. ഏകദേശം 5 കോടി ഏക്കർ ഭൂമി ശേഖരിച്ച് വിതരണംനടത്തുവാനാണ് വിനോബാജി ഉദ്ദേശിക്കുന്നതു്."

ദേവസ്വത്തിലും ട്രേഡ് യൂണിയൻ!!

അപകടകരമായ പോക്ക്— വിപ്ലവച്ചുഴികളിലേക്ക് മതസ്ഥാപനങ്ങളെയും അനുഷ്ഠാനങ്ങളെയുംകൂടി വലിച്ചിഴയ്ക്കാൻ ചെയ്യുന്ന ശ്രമങ്ങളുടെ ഗൌരവം എല്ലാ ഹിന്ദുക്കളും നല്ലപോലെ മനസ്സിലാക്കി ജാഗ്രതാപൂർവ്വം പ്രവർത്തിക്കണം

(മെയ്യത്തു് കെ. മാധവനുണ്ണിത്താൻ ബി. എ., ബി. എൽ.; എം. എൽ. എ.)

ദേവസം നോൺപെൻഷനബിലം എംപ്ളോയിസ് യൂണിയൻ, ട്രയിഡ് യൂണിയൻ അടിസ്ഥാനത്തിൽ രജിസ്റ്റർചെയ്തതിനെപ്പററിയും യൂണിയന്റെ മെമ്മോറാണ്ടത്തെ സംബന്ധിച്ച് ദേവസ്വംബോർഡിന്റെയും ദേശബന്ധു തുടങ്ങിയ പത്രങ്ങളുടെയും നിലയെപ്പററിയും പരാമർശിച്ച് പട്ടം താണുപിള്ള പുറപ്പെടുവിച്ചിരിക്കുന്ന പ്രസ്താവനയിൽ പ്രസ്തുത വിഷയം സംബന്ധിച്ചുള്ള മൌലികമായ അഭിപ്രായഭിന്നതകളെ സമീപിച്ചു കാണുന്നില്ല "ലേബർകമ്മീഷണരേയോ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനേയോ സമീപിക്കണമെന്ന് യൂണിയനു നിർബന്ധമില്ല, ന്യായമായ രീതിയിൽ അവശത പരിഹരിച്ചുകിട്ടണമെന്നു മാത്രമേ യൂണിയൻ ആഗ്രഹിക്കുന്നുള്ളു" എന്ന് അദ്ദേഹം പറയുന്നു. പക്ഷെ, പരിഹാരം ന്യായമാണോ അല്ലയോ എന്ന് ആരാണു നിശ്ചയിക്കുന്നതു് യൂണിയൻ ആവശ്യപ്പെടുന്നതുപോലെ ചെയ്തേച്ചാൽ ട്രിബ്യൂണലിനെ സമീപിക്കേണ്ട ആവശ്യമില്ലെന്നാണെങ്കിൽ ഇതു് എല്ലാ ട്രയിഡ് യൂണിയനെ സംബന്ധിച്ചും പറയാവുന്നതാണ്.

ദേവസ്വത്തിലെ ജോലിക്കാർക്ക് ചില പ്രത്യേകതകളുണ്ടെന്ന് അദ്ദേഹവും പരോക്ഷമായി സമ്മതിക്കുന്നുണ്ട്. എന്നാൽ ഈ പ്രത്യേകതകളെ അവഗണിക്കാതെയും അവയ്ക്കനുയോജ്യമായ വിധത്തിലും (ദേവസ്വങ്ങളെ സംബന്ധിക്കുന്ന ആചാരങ്ങളെ ബാധിക്കാതെയും) അവശതകൾ പരിഹരിക്കണമെന്നു മാത്രമേ യൂണിയൻ ആവശ്യപ്പെടുന്നുള്ളു എന്നാണ് അദ്ദേഹം പറയുന്നതു്. ട്രയിഡ് യൂണിയൻ സംഘടനകൾ സാധാരണയായി സ്വീകരിക്കാറുള്ള പ്രായോഗികപരിപാടികളും മേൽപ്പറഞ്ഞ അഭിപ്രായവുംകൂടി എങ്ങിനെയാണ് പൊരുത്തപ്പെടുന്നതെന്നു മനസ്സിലാകുന്നില്ല. മെമ്മോറാണ്ടത്തിൽ ആവശ്യപ്പെടുന്ന പരിഹാരങ്ങൾ മിതമാണോ അല്ലയോ എന്നുള്ളതിലല്ല തൽക്കാലം അഭിപ്രായവ്യത്യാസമുള്ളതു്. അവശതകൾ പരിഹരിക്കുന്നതിന് ട്രയിഡ് യൂണിയൻ അടിസ്ഥാനത്തിൽ സംഘടിക്കുന്നതിനെപ്പററിയാണ് ദേവസ്വംബോർഡിനും ദേവാലയങ്ങളിൽ വിശ്വസിക്കുന്ന ഹിന്ദുക്കൾക്കും പ്രതിഷേധമുള്ളതു്. എന്നുമാത്രമല്ല, ഈ യൂണിയൻ രജിസ്റ്റർചെയ്ത തീയതിയോടുസമീപിച്ച് ദേവസ്വം കണ്ടിജൻസിജീവനക്കാരുടെ ശമ്പളക്കുറവിനെപ്പററി, ആ വിഷയത്തെ സംബന്ധിച്ച് യാതൊരു അധികാരവുമില്ലാത്ത നിയമസഭയിൽപ്പോലും ഒരു ഐകുമുന്നണിമെമ്പർചോദ്യംചെയ്തതായി ഓർക്കുമ്പോൾ പ്രക്ഷോഭണത്തിന്റെ സ്വഭാവം താണുപിള്ള പറയുന്നതുപോലെ അത്ര മിതമായിരിക്കുമെന്നൂഹിക്കാനും കാരണമില്ല.

ദേവസ്വത്തിലെ ജോലികളുടെ പ്രത്യേക സ്വഭാവം അത്ര ലഘുവായി പറഞ്ഞുതള്ളാവുന്നതല്ല. വിശ്വാസവുമനുഷ്ഠാനവും സ്വഭാവവും നിയമവും ആചാരവുമനുസരിച്ച ഗൌരവമേറിയ പ്രത്യേകതകളാണുള്ളതു്. ട്രയിഡ് യൂണിയൻ പരിപാടി അനുസരിച്ച് ഒരു പണിമുടക്കു നടത്തുകയാണെങ്കിൽ ക്ഷേത്രങ്ങളിലെ പൂജ മുതലായതു മുടങ്ങാതെ മാർഗ്ഗമില്ല. അങ്ങിനെ സംഭവിച്ചാൽ ക്ഷേത്രത്തിൽ ആരാധനയ്ക്കു പ്രവർത്തിക്കയും ചെയ്യും.

ഇപ്രകാരം രാഷ്ട്രീയസാമൂഹ്യരംഗങ്ങളിൽ അങ്ങിങ്ങായി ഉണ്ടായിക്കൊണ്ടിരിക്കുന്ന വിപ്ലവച്ചുഴികളിലേക്ക് നമ്മുടെ സംസ്ക്കാരത്തിന്റെ നീരുറവയായ മതസ്ഥാപനങ്ങളേയും മതാനുഷ്ഠാനങ്ങളേയുംകൂടി വലിച്ചുഴക്കാൻ ചെയ്യപ്പെടുന്ന ശ്രമങ്ങളുടെ ഗൌരവത്തെ എല്ലാ ഹിന്ദുക്കളും നല്ലപോലെ മനസ്സിലാക്കി ജാഗ്രതയോടുകൂടി പ്രവർത്തിക്കേണ്ട ഒരു കാലഘട്ടമാണ് സംജാതമായിട്ടുള്ളതെന്നുകൂടി അനുസ്മരിപ്പിച്ചുകൊള്ളുന്നു.

ഒരു "പോലീസ് ററി. ബി. സംഭവം"

പോലീസിനെതിരായുള്ള കേസ്സിൽ വാദിയെ ബലമായി ടി. ബി. യിൽ കൊണ്ടുപോയി കേസ്സ് പിൻവലിച്ചതായി എഴുതി വാങ്ങിച്ചെന്നു കേസ്സ്

(സ്വ-ലേ) കോട്ടയം, മെസ: 9

ഇപ്പോൾ കോട്ടയം ക്രൈം ബ്രാഞ്ചു് സർക്കിൾഇൻസ്പെക്ടറായിരിക്കുന്ന പൊന്നയ്യാനാടാർ കുത്താട്ടുകുളം സർക്കിൾ ഇൻസ്പെക്ടർ ആയിരുന്ന കാലത്ത് ഒരു ബസ്സ് ഡ്രൈവറെയും കണ്ടക്ടറെയും അകാരണമായി ദേഹോപദ്രവം ഏൽപ്പിച്ചതായി ആ ഡ്രൈവറും കണ്ടക്ടറുംകൂടി സർക്കിൾഇൻസ്പെക്ടറെ പ്രതിചേർത്തു് കോട്ടയം സബ്ഡിവിഷനൽ മജിസ്ട്രേട്ടുകോടതി മുമ്പാകെ 1951-ൽ ഡി. സി. 35-ാം നമ്പരായി ഒരന്യായം കൊടുത്തിരുന്നു. കേസ്സിലെ വാദിഭാഗം തെളിവെടുത്തശേഷം പ്രതിക്കു കുററപത്രം കൊടുക്കുന്നതിനു് കേസ്സ് ഈമാസം 6-ാംനു- ശനിയാഴ്ച അവധിവച്ചിരിക്കുകയായിരുന്നു. അന്നേത്തീയതി കോടതിയിൽ ഹാജരാകുന്നതിനു് വൈക്കത്തുനിന്നും ബസ്സിൽ കോട്ടയത്തു സ്റ്റാൻറിൽവന്നിറങ്ങിയ കണ്ടക്ടറെ, പൊന്നയ്യായും ററു ചില പോലീസുദ്യോഗസ്ഥന്മാരുംകൂടി ഒരു കാൺസ്റ്റബിളിനെ വിട്ടു ബലമായി ഒരു കാറിൽക്കയററി കോട്ടയം ററി. ബി. യിൽ കൊണ്ടുപോയി ഭയപ്പെടുത്തി കേസ്സ് പിൻവലിച്ചിരിക്കുന്നതായി ഒരു ഹർജി ഒപ്പിട്ടുവാങ്ങിക്കുകയും കണ്ടക്ടറെ കോടതിയിൽ അയയ്ക്കാതെ ഹർജി കോടതിയിൽ കൊടുത്തു കേസു തള്ളിച്ചശേഷം കണ്ടക്ടറെ കാറിൽക്കയററി വൈക്കത്തുകൊണ്ടുചെന്നുവിടുകയും ചെയ്തതായി ഒരു കേസുണ്ടുവിച്ചിരിക്കുന്നു.

നെല്ലെടുക്കയില്ല, കരം ഇളവും

(സ്വ-ലേ) തിരു സെപ്ററം 9

ലാൻറ് റവന്യൂവകുപ്പു മന്ത്രി എ. ചിദംബരനാഥനാടാർ ഇപ്രകാരം ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു:—ഏതാനും ദിവസങ്ങൾക്കുമുമ്പ് മുഖ്യമന്ത്രിയും ഞാനും തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവങ്കോട് മുതലായ തെക്കൻതാലൂക്കുകളിൽ ചുററിസഞ്ചരിക്കയുണ്ടായി. വ്യാപകമായതോതിലുള്ള വറുതിയും അതുനിമിത്തമുണ്ടായ കൃഷിപ്പിഴയും ഞങ്ങൾ നേരിട്ടുകണ്ടു. അവിടത്തെ ആളുകളുടെ കഷ്ടതകളിൽ ഞങ്ങൾക്കതിയായ ഖേദമുണ്ട്. അതുപോലെ ചെങ്കോട്ടത്താലൂക്കുമുഴുവൻ ഞാൻ ചുററിസഞ്ചരിക്കയുണ്ടായി. അവിടത്തെ സ്ഥിതിഗതികളും മററുള്ളിടത്തേക്കാൾ വഷളാണ്. കർഷകർക്ക് ആശ്വാസം നൽകുവാൻ ഗവർമ്മെൻറിനാൽ സാദ്ധ്യമാകുന്നതെല്ലാം ചെയ്യുന്നതാണ്. ഈ കാര്യത്തെക്കുറിച്ച് ഞാൻ ഭക്ഷ്യമന്ത്രിയുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. അതനുസരിച്ചു ജലദൌർല്ലഭ്യംനിമിത്തം കൃഷിപ്പിഴവന്നിട്ടുള്ള കർഷകരിൽനിന്നും നെല്ലെടുക്കരുതെന്നു ഭക്ഷ്യവകുപ്പിനു നിർദ്ദേശം നൽകാമെന്നദ്ദേഹം സമ്മതിച്ചിട്ടുണ്ട്. അർഹിക്കുന്ന കേസ്സുകളിലെല്ലാം കരം ഇളവുചെയ്തുകൊടുക്കുന്നതിനു് സത്വരനടപടികളെടുക്കണമെന്ന് റവന്യൂവകുപ്പിനു നിർദ്ദേശം നൽകുന്നുണ്ട്. ഞാൻ ഇന്നലെ നാഗർകോവിലിൽ പോയപ്പോൾ പതിവുപോലെ നെല്ലെടുക്കുവാനായി ഭക്ഷ്യവകുപ്പുദ്യോഗസ്ഥന്മാർക്കു നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നു പ്രചാരണംനടക്കുന്നതായി അറിയാൻ കഴിഞ്ഞു. ഇതു വ്യാജവും വഴിതെററിപ്പിക്കുന്നതുമാണെന്നും പറയുവാൻ ഞാനാഗ്രഹിക്കുന്നു. നഷ്ടം തിട്ടപ്പെടുത്തി കർഷകർക്ക് ആവശ്യമായ എല്ലാസഹായങ്ങളും ഗവർമ്മെൻറു ചെയ്യുന്നതാണ്. നഷ്ടം സംഭവിച്ച കർഷകരിൽനിന്നും ഈ പൂവിൽ നെല്ലെടുക്കുന്നപ്രശ്നമേ ഉദിക്കുന്നില്ല.

ജീവപര്യന്തം തടവ്

പുത്രനെ വധിച്ച പിതാവിന്

കൊല്ലം, സെ: 9

തന്റെ പുത്രനായ ശ്രീധരനെ കുത്തി കൊലപ്പെടുത്തിയതിലേയ്ക്കു് കൊട്ടാരക്കര പോലീസ് ചാർജ്ജ്ചെയ്തിരുന്ന കേസ്സിലെ പ്രതിയായ വെട്ടിക്കവലയ്ക്കടുത്തുള്ള ചക്കമരയ്ക്കൽ സ്വദേശിയായ കേശവൻ ശങ്കരന് ജീവപര്യന്തം കഠിനതടവു ശിക്ഷനൽകിക്കൊണ്ട് സെഷൻസ് ജഡ്ജി ശ്രീ നാരായണയ്യർ ഇന്നലെ വിധി പ്രസ്താവിച്ചിരിക്കുന്നു. സ്റ്റേററഭാഗം കേസ് ഇപ്രകാരമായിരുന്നു. പ്രതി കേശവൻ ശങ്കരൻ തന്റെ ഭാര്യയുടെ മരണശേഷം വേലക്കാരനായ കുഞ്ഞുകുഞ്ഞിന്റെ ഭാര്യ മോക്ഷായണിയുമായി ജാരവൃത്തിയിൽ കഴിഞ്ഞുവരവേ മോക്ഷായണിയുടെ ഭർത്താവായ കുഞ്ഞുകുഞ്ഞിന്റെ പരാതിയെത്തുടർന്ന് പ്രതിയുടെ മകനായ ശ്രീധരൻ 125 കന്നി 4-ാം നു- സന്ധ്യയ്ക്കുശേഷം സമീപത്തുള്ള മോക്ഷായണിയുടെ വീട്ടിൽ എത്തി പിതാവിനെ ഗുണദോഷിക്കുകയും മോക്ഷായണിയെ ഉപദ്രവിക്കാനൊരുങ്ങുകയും ചെയ്തതിൽ കുപിത

കാളയുടെ പ്രകൃതവും കഴുതയുടെ സഹനശക്തിയും

അഭിഭാഷകനെന്നനിലയിൽ വിജയിക്കുവാൻ വേണ്ട ഗുണങ്ങളെപ്പററി സർ. സി. പി.

മദ്രാസ്, സെ 8

ഒരു വക്കീലായാൽ, മനുഷ്യപ്രകൃതത്തെപ്പററി നല്ല ജ്ഞാനം ഉണ്ടായിരിക്കേണ്ടതാവശ്യമാണെന്നു വക്കീൽ വേലയിലുള്ള സുദീർഘകാലത്തെ അനുഭവം മുൻനിറത്തി സർ. സി. പി. രാമസ്വാമിഅയ്യർ ഒരു പ്രസംഗമദ്ധ്യേ അഭിപ്രായപ്പെട്ടിരിക്കുന്നു. പ്രസംഗകൻ മദ്രാസ് ലോകോളേജ് പ്രതിനിധിസഭ ഉൽഘാടനം ചെയ്യുകയായിരുന്നു. ബാറിലെ തന്റെ അനുഭവങ്ങളെപ്പററിയായിരുന്നു പ്രസംഗം. നിയമത്തെപ്പററിയുള്ള അഗാധജ്ഞാനത്തേക്കാളേറെ മനുഷ്യപ്രകൃതത്തെപ്പററി തനിക്കുണ്ടായിരുന്ന അറിവാണെന്ന് അനുഭവം സാക്ഷിയാകെ പ്രസംഗകൻ പറഞ്ഞു. 1903-ൽ ഞാൻ ബാറിൽ പ്രവേശിച്ച ഇടയ്ക്കു രാഷ്ട്രീയത്തിൽ ഇറങ്ങുകയും ഭരണഭാരം പേറുകയും ചെയ്യാനിടയായതിനാൽ ഈ 50 കൊല്ലത്തിൽ 20 കൊല്ലം മാത്രം വക്കീൽവൃത്തിയിൽ സജീവമായി ഏർപ്പെട്ടു. നിയമവൃത്തിയിൽനിന്ന് ഇടയ്ക്കു ഇങ്ങനെ തെററി മാറിപ്പോയതു പിശകായിപ്പോയെന്നാണ് ഇപ്പോൾ തോന്നുന്നതു് എന്നുള്ള ആമുഖപ്രസ്താവനയ്ക്കുശേഷം പ്രസംഗകൻ തുടർന്നു:—

രവിവർമ്മയുടെ ചിത്രങ്ങളുടെ പകർപ്പവകാശം സംബന്ധിച്ച ഒരു കേസു ഞാൻ നടത്തി. ചിത്രരചനയെപ്പററി എനിക്കുണ്ടായിരുന്ന ജ്ഞാനം കേസുനടത്തിപ്പിൽ എനിക്കു വളരെ ഉപകരിച്ചു. മദ്രാസ് തീരത്തിനടുത്തുവച്ചു രണ്ടു കപ്പലുകൾ തമ്മിൽ കൂട്ടിമുട്ടാനിടയായതുസംബന്ധിച്ചു നടന്ന ഒരു കേസ്സിലും ഞാൻ വാദിക്കുവാനിടയായി. ചെറുപ്പത്തിൽ ഭൂഗർഭശാസ്ത്രം കുറെയെല്ലാം ഞാൻ പഠിച്ചിരുന്നു. ഈ കേസുവന്നപ്പോളാണ് ആ പഠനത്തിന്റെ ഫലം അനുഭവപ്പെട്ടതു്. നിയമപ്രശ്നത്തേക്കാൾ സമുദ്രത്തിലെ പ്രവാഹഗതിയാണു ഈ കപ്പൽ കേസിന്റെ വിജയത്തിനു നിദാനമായതു്.

ജഡ്ജി തലകുലുക്കുമ്പോൾ, അതിലൊരു കഴമ്പുമില്ലെന്നു മനസ്സിലാക്കണം. ഒരു പ്രതൃകസാഹചര്യം ജഡ്ജിയിൽ ഉണ്ടാക്കാവുന്ന പ്രത്യാഘാതം എന്താണെന്നും, പ്രതിയോഗിയുടെ വക്കീൽ എന്തുചെയ്യുന്നു എന്നും കക്ഷിയുടെ നില എന്തെന്നും നിങ്ങൾ മനസ്സിലാക്കണം.

കേസ്സിലെ വസ്തുതകൾ നിരത്തിവയ്ക്കുന്ന വിധത്തെപ്പററി തന്റെ അഭിപ്രായം പ്രസംഗകൻ പ്രകടിപ്പിച്ചു; അളന്നുതൂക്കി, ഹൃദ്യമായരീതിയിൽ അതു ചെയ്യണമെന്നു്.

വക്കീലെന്ന നിലയിൽ ആദ്യം 18 രൂപയാണു പ്രതിമാസം എനിക്കു ലഭിച്ചിരുന്നതു്. സുപ്രസിദ്ധ അഭിഭാഷകനായ അല്ലാടി കൃഷ്ണസ്വാമിഅയ്യരുടെയും ആരംഭഘട്ടം ഇങ്ങനെയായിരുന്നു. വിജയത്തിലേക്കു കുറുക്കുവഴി ഒന്നില്ല. ശരിയായി ചിന്തിക്കണം; അതുപോലെതന്നെ ക്ഷമയോടെ വരണവും സാദ്ധിക്കണം.

ഒരു കാളയുടെ പ്രകൃതവും കഴുതയുടെ സഹനശക്തിയുമാണ് ഒരു വക്കീലിനുണ്ടായിരിക്കേണ്ടതു് അതായതു് ആദ്യകാലത്തുകോടതിപ്പടികൾ കയറിയും ഇറങ്ങിയും അലയണം. തൊഴിലിൽ വിജയം വരിച്ചുകഴിയുമ്പോൾ നല്ല ക്ഷമയും ശീലിച്ചുകഴിയണം.

ആദ്യഘട്ടത്തിൽ ഇവിടെ ജഡ്ജിമാരെ എടുത്തിരുന്നതു സിവിൽ സർവ്വീസിൽനിന്നാണ്. മിക്കവാറും ഇംഗ്ലീഷ് ബാരിസ്റ്റർമാരുടെ ജൂണിയർമാരായിരുന്ന ഇന്ത്യൻ വക്കീലന്മാർ ഒരുവക പിശാചുക്കളായി ഇവർ ഗണിക്കപ്പെട്ടുപോരുന്നു. വക്കീൽവൃത്തിക്ക് അഭിമാനകരമായ സ്ഥാനവും നിലയും കൈവരുത്തിയതു സർ. വി. ഭാഷ്യം അയ്യങ്കാരായിരുന്നു

ഇംഗ്ലീഷുകാരായ അഭിഭാഷകരെപ്പററി പരാമർശിക്കവേ സർ സി. പി. പറഞ്ഞു:—ഇംഗ്ലീഷുകാർ ഇവിടെ തെററുകൾ പലതു ചെയ്തു; പാപകരമായ പലതും പ്രവർത്തിച്ചു; അക്ഷന്തവ്യങ്ങളായ പലതും കൂട്ടിക്കൂട്ടി. ഇതെല്ലാമായാലും ആംഗ്ലേയ നിയമത്തിന്റെയും നിയമഭരണത്തിന്റെയും പാരമ്പര്യം അവർ ഇവിടെ നടപ്പിലാക്കി. അതു കിടയററ ഒന്നാണെന്നു് എനിക്കു ബോദ്ധ്യമുണ്ടു്.

ചില സ്വകാര്യവ്യവസായ പ്രശ്നങ്ങൾ

അവ പരിഹരിക്കുന്ന കാര്യത്തിൽ ഗവമ്മെൻറിന്റെ കർത്തവ്യങ്ങളെപ്പററി ജെ. ആർ. ഡി. ടാററാ

1952-ആഗസ്റ്റ് 28-ാംനു- കൂടിയ "ടി ടാററാ അയൺ ആൻഡ് സ്റ്റീൽ കമ്പനി ലിമിററഡി"ന്റെ 45-ാമതു വാർഷിക പൊതുയോഗത്തിൽ ചെയർമാൻ ജെ. ആർ ഡി. ടാററാ ചെയ്ത പ്രസംഗത്തിലെ ശ്രദ്ധേയമായ ചില ഭാഗങ്ങളാണ് താഴെച്ചേർക്കുന്നതു്:—

കമ്പനി കാര്യങ്ങളെപ്പററി പ്രതിപാദിക്കുന്നതിനു മുമ്പ് ദേശീയസാമ്പത്തികസ്ഥിതിയെ ബാധിക്കുന്ന ഈ വർഷത്തിലെ ചില പ്രധാന സംഗതികളെപ്പററി ഞാൻ ചുരുക്കത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.

സാമ്പത്തികനില

റിപ്പോർട്ടുവർഷത്തിന്റെ അവസാനത്തിൽ കൊറിയൻ യുദ്ധത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള നാണയപ്പെരുപ്പത്തിനു വിപരീതമായ ഒരു സ്ഥിതി ഉളവായിട്ടുണ്ടു്. യു. എസ് എ. യിലും മററുരാജ്യങ്ങളിലും സ്റ്റോക്ക് സംഭരണവും അന്തമില്ലാതെയുള്ള വാങ്ങിക്കൂട്ടലും നിലച്ചതിന്റെ ഫലമായിട്ടാണ് ലോകമാകമാനം വിലയിടിവ്—മുഖ്യസാധനങ്ങളിൽ പ്രത്യേകിച്ചു—ഉണ്ടായിട്ടുള്ളതു്. കടംവായ്പ സൗകര്യങ്ങൾ ഇന്ത്യാഗവർമ്മെന്റും മററുരാജ്യങ്ങളും ചുരുക്കിയതുകൊണ്ടും ഈ വിലയിടവ് ഉണ്ടായിട്ടുണ്ടു്. ഈ നടപടികൾ കാരണമായി പെട്ടെന്നുണ്ടായ വിലയിടിവ് വ്യവസായ—വാണിജ്യമണ്ഡലങ്ങളിൽ താൽക്കാലികമായി പല ഞെരുക്കങ്ങളുമുണ്ടാക്കിത്തീർത്തിട്ടുണ്ടെങ്കിലും ഈ പരിതസ്ഥിതി വിലകളിൽ കുറെ വിശ്വാസയോഗ്യവും ആരോഗ്യകരവുമായ ഒരു നിലപാടു് ഉണ്ടാക്കിത്തീർത്തിട്ടുണ്ടു്. വീണ്ടും നാണയപ്പെരുപ്പം ഉണ്ടാകുകയില്ലെന്നു പറയുവാൻ ഇപ്പോൾ നിവൃത്തിയില്ല. അടുത്തതായി മൊത്തവിലയിൽ അല്പമായ വർദ്ധനവു കാണുന്നുണ്ടു്; അന്താരാഷ്ട്രീയസ്ഥിതി കൂടുതൽ മോശമാകുകയാണെങ്കിൽ, വിലയുടെ മേൽപ്പട്ടുള്ള ഗതിക്ക് വീണ്ടും ഒരു പ്രോത്സാഹനം ലഭിക്കുന്നതും ഇതിനു് സത്വരനടപടികൾ ആവശ്യമാകുന്നതുമാണ്

2. മൊത്തവിലയിൽ കുറവുണ്ടെങ്കിലും, ജീവിതച്ചെലവ് കുറഞ്ഞുവരുന്നതായി കാണുന്നില്ല. ജീവിതച്ചെലവിൽ ഏററവും വലിയ ഘടകമായ ഭക്ഷണച്ചെലവ് രാജ്യത്തിന്റെ പലഭാഗത്തും വർദ്ധിച്ചുവരുന്നതായി കാണുന്നു. നിർഭാഗ്യവശാൽ, ക്ഷാമത്തിന്റെ വക്കത്തോളം എത്തുന്ന പരിതസ്ഥിതി ചില ഭാഗങ്ങളിലുണ്ടു്. ഇത്തരം പ്രതികൂലമായ പരിതസ്ഥിതി ഉണ്ടെങ്കിലും ഭക്ഷണസ്ഥിതി കൂടുതൽ നന്നായിത്തീരുമെന്നു വിശ്വസിക്കുവാൻ ചില കാരണങ്ങളുണ്ടു്. ഭക്ഷ്യധാന്യത്തിന്റെ സ്റ്റോക്ക് കുറച്ചുവർഷങ്ങൾക്കു മുമ്പുള്ളതിലും വളരെ ഭേദപ്പെട്ടിട്ടുണ്ടു്. ഇതിനുകാരണം അടുത്തകാലത്തു് യു. എസ്. എ-യിൽനിന്നു് ഈ രാജ്യത്തു് ഇറക്കുമതി ചെയ്തിട്ടുള്ള ഗോതമ്പും, റിപ്പോർട്ടുവർഷത്തിൽ ഗവർമ്മെന്റിന്റെ റേഷനിംഗ് ബാധകങ്ങൾ ചുരുങ്ങിയതുകൊണ്ടും, വിലയ്ക്കുണ്ടായിട്ടുള്ള പൊതുവായുള്ള കുറവുനിമിത്തം ഭക്ഷണസംഭരണങ്ങൾ പൂഴ്ത്തിവയ്ക്കുവാനുള്ള വാസന കുറഞ്ഞതുകൊണ്ടുമാണ്.

3. നാണയപ്പെരുപ്പം തടയാനുള്ള ഫലപ്രദമായ പരിപാടികളിൽ പ്രധാനമായിട്ടുള്ളതു് ധനകാര്യ—നാണയ നടപടികളാണ്. പക്ഷെ, ഉൽപാദനം വർദ്ധിപ്പിക്കാനുള്ള നടപടിയും ഇതിനോടുകൂടി എടുക്കാത്തപക്ഷം ഈ നാണയപ്പെരുപ്പപ്രശ്നം പരിഹരിക്കപ്പെടാതെതന്നെയിരിക്കും. വാങ്ങുവാനുള്ള കഴിവു കുറഞ്ഞതുകൊണ്ടു് ആവശ്യങ്ങളും കുറയുന്നതിനാൽ നാണയപ്പെരുപ്പത്തിന്റെ സമ്മർദ്ദം താൽക്കാലികമായി അൽപ്പമൊന്നു ചുരുക്കുവാൻ സാദ്ധ്യമാകുന്നതാണ്. എന്നാൽ ചുരുങ്ങിയ ജീവിതത്തോതുള്ള ഈ രാജ്യത്തിൽ, ഇതുകൊണ്ടൊന്നും ശാശ്വതമായ ഒരു പരിഹാരം ലഭിക്കുന്നതല്ല. പ്ളാനിംഗ് കമ്മീഷൻ തയാറാക്കിയിട്ടുള്ള കരട് പ്ളാനിൽ ഇതിന് പ്രാധാന്യം കൽപ്പിച്ചിരിക്കുകയും ഗവർമ്മെൻറ് ഇക്കാര്യം ഗൗരവപൂർവം വീക്ഷിക്കുന്നുണ്ടെന്നു മനസ്സിലാക്കാം. വിവിധോദ്ദേശപദ്ധതികൾ, ഡാൻസ്പോർട്ട്, സാമൂഹ്യസേവനം എന്നിവ പൊതുജന സാമ്പത്തികകാര്യങ്ങൾ അടങ്ങുന്ന പദ്ധതികളാണ് ഈ പ്ളാനിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു്. നമ്മുടെ മുമ്പേലെയുള്ള നിർമ്മാണവ്യവസായങ്ങളെ ഈ പ്ളാനിൽ സ്വകാര്യസ്ഥാപനങ്ങൾക്കു വിട്ടുകൊടുത്തിരിക്കയാണ്.

4. വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃതപദാർത്ഥങ്ങളുടെയും നിർമ്മാണവസ്തുക്കളുടെയും ഉൽപ്പാദനം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വർദ്ധിച്ചിട്ടുണ്ടെങ്കിലും, ഈ അഭിവൃദ്ധി ഇപ്പോഴുള്ള കഴിവുകളെ കൂടുതൽ കാര്യക്ഷമമായി ഉപയോഗിച്ചതിന്റേയും അസംസ്കൃതപദാർത്ഥങ്ങൾ കൂടുതലായി ലഭ്യമായിട്ടുള്ളതിന്റേയും ഫലമാണ്. നാണയപ്പെരുപ്പം തടയുവാനും ജീവിതനില ഉയർത്തുവാനും ഇതു് ഒരു ഫലപ്രദമായ നടപടിയായിത്തീരണമെങ്കിൽ വർഷംതോറുമുള്ള വ്യവസായികഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടതിനുള്ളകഴിവ് ഇനിയുമുണ്ടായിത്തീരേണ്ടതാണ്. സാധാരണനിലയിലും ഒരു സ്വതന്ത്രസാമ്പത്തിക ഘടനയിലും ഇതിനുള്ള ഉത്തരവാദിത്വം സ്വകാര്യ വ്യവസായ സംരംഭങ്ങളിലാണ് നിലനിൽക്കുന്നതു്. എന്നാൽ ആവശ്യമായ മൂലധനം ഉണ്ടാക്കുവാനുള്ള കഴിവില്ലാത്തപക്ഷം സ്വകാര്യഉടമകൾക്ക് ഇതു സാദ്ധ്യമല്ല.

ധനക്കുറവ്

5. നമ്മുടെ സാമ്പത്തിക പുരോഗതിക്ക് ഏററവും വലിയ വിഘാതമായി നിൽക്കുന്നതു് ധനത്തിന്റെ കുറവാണ്. നമ്മുടെ സാമ്പത്തിക പദ്ധതികളെക്കുറിച്ചു നടന്നതും ഇതുകൊണ്ടാണ്. മൂലധനരൂപീകരണത്തിനുള്ള വഴികൾ ആരായുകയും സമ്പാദ്യങ്ങൾ വേണ്ട മാർഗ്ഗങ്ങളിൽ ടിനയിക്കുകയും ചെയ്യാത്തപക്ഷം, കാര്യമായ പുരോഗതി പ്രതീക്ഷിക്കാവുന്നതല്ല

6 കഴിഞ്ഞ കുറച്ചുകൊല്ലങ്ങളായി വ്യക്തികളുടെ സമ്പാദ്യം വഴിയായുള്ള മൂലധനരൂപീകരണം നിലച്ചുപോയിട്ടുണ്ട്. ഗവർമ്മെൻറിന്റെ നിയന്ത്രണത്തിനതീതമായ ബാഹ്യകാരണങ്ങളാലാണ് ഈസ്ഥിതിയുളവായിട്ടുള്ളതെങ്കിലും ഈ രാജ്യത്തു് അടുത്തകാലത്തുണ്ടായ സംഭവവികാസങ്ങളും ഗവർമ്മെൻറിന്റെ വ്യാവസായിക—സാമ്പത്തിക നയങ്ങളും പ്രസ്തുത മൂലധനരൂപീകരണത്തെ കൂടുതൽ മോശമാക്കിത്തീർത്തിട്ടുണ്ട്. സമ്പാദിക്കുവാനുള്ള കഴിവും ധനവും കുറച്ചാളുകളിൽനിന്നു് കൂടുതലാളുകളിലേയ്ക്കു മാററുവാനുള്ള പരിപാടികൊണ്ടു് ജനങ്ങൾക്കു ഗുണമുണ്ടാകുന്നതു്, സാമുദായികമായ നല്ല കാര്യംതന്നെയാണെങ്കിലും, ഈ നടപടി മൂലധനരൂപീകരണത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നുള്ള വസ്തുത നാം മനസ്സിലാക്കേണ്ടതാണ്. ഒരാധുനിക പുരോഗമനസമുദായത്തിൽ ധനവും, സമ്പാദിക്കുവാനുള്ള കഴിവും മെംബർമാരുടെയിടയിൽ തുല്യനിലയിൽ വിതരണം ചെയ്യപ്പെടേണ്ടതാണ്; എന്നാൽ മൂലധനരൂപീകരണവും സാമ്പത്തിക പുരോഗതിക്കുള്ള അതിന്റെ ഉപയോഗവും, സമുദായത്തിന്റെ നിലനില്പിനും പുരോഗതിക്കും അതുപോലെ അത്യാവശ്യമായിട്ടുള്ള ഒന്നാണ്.

കരുതൽ ധനത്തിൽനിന്നു് വികസനം

7. തങ്ങളുടെ സമ്പാദ്യം സാധാരണമായി വ്യവസായത്തിൽ നിക്ഷേപിക്കുന്ന വ്യക്തികളുടെ സമ്പാദ്യം അപ്രത്യക്ഷപ്പെട്ടതുകൊണ്ടു് പുതിയ സംരംഭങ്ങൾക്ക് മൂലധനരൂപീകരണത്തിനുള്ള രാജ്യത്തിന്റെ കഴിവ് ചുരുങ്ങിപ്പോയിട്ടുണ്ട് നിലവിലുള്ള വ്യവസായങ്ങൾക്ക്, അവരുടെ സ്വന്തമായ സമ്പാദ്യമുണ്ടെങ്കിൽ മാത്രമേ, വികസനത്തിന് സാദ്ധ്യമാകുകയുള്ളു. ലോകമാകമാനം നിലവിലുള്ള വ്യവസായങ്ങൾ വികസിപ്പിക്കുവാൻ ഇത്തരമുള്ള കൂട്ടസമ്പാദ്യമാണ് പ്രധാനമായ ധനാഗമമാർഗ്ഗമായിട്ടുള്ളതു്.

8 ഉദാഹരണമായി 1945 മുതൽ 1951 വരെ അമ്മേരിക്കൻ ഉരുക്കുവ്യവസായത്തിന്റെ മൂലധനച്ചിലവ് 45000 ലക്ഷം ഡോളറിൽ, ഏതാണ്ട് ഏഴുശതമാനം ഓഹരി മൂലധനത്തിലുള്ള വർദ്ധനവും 10 ശതമാനം ദീർഘകാലകടമെടുപ്പുമാണ്. എന്നാൽ ആകെച്ചിലവിൽ ബാക്കി 80 ശതമാനത്തിലധികവും കഴിഞ്ഞ കാലങ്ങളിലെ വ്യവസായത്തിന്റെ സ്വന്തസമ്പാദ്യംകൊണ്ടാണ് അവർ നിറവേററിയതു്.

9. ഇന്ത്യയിലെ സുസ്ഥാപിതമായ പ്രധാന വ്യവസായങ്ങളുടെ കടധനപ്പട്ടികകൾ നോക്കുന്നതായാൽത്തന്നെ സ്വന്തസമ്പാദ്യം ഉപയോഗിച്ചുകൊണ്ടു് നമ്മുടെ വ്യവസായവികസനം എത്രകണ്ടു് ഉണ്ടായിട്ടുണ്ടെന്നു തെളിയുന്നതാണ്. ഇതു് അഭിലഷണീയമായ ഒരു സ്ഥിതിഗതിയാണെന്നാണ് എന്റെ അഭിപ്രായം. ഗവർമ്മെൻറ് ഇതു് അംഗീകരിക്കുകമാത്രമല്ല, കാര്യമായ നടപടികൾമൂലം സഹായിക്കുകയും ചെയ്യുന്നതാണ്. നിയന്ത്രിത വ്യവസായങ്ങളിലെങ്കിലും വികസനത്തിനുവേണ്ടി കരുതൽ ധനം നീക്കിവയ്ക്കുന്നതു്, ഓഹരി ഉടമകൾ വികസനത്തിനു മൂലധനം ഉണ്ടാക്കേണ്ടതിനു പകരം ഉപഭോക്താവിനു ഭാരമായിത്തീരുന്നതിനാൽ, അതു് സാമൂഹ്യവിരുദ്ധമായ ഒരു നടപടിയാണെന്ന് ഏതാനും ചില ഔദ്യോഗികകേന്ദ്രങ്ങളിൽ ഒരു ചിന്താഗതി ഉള്ളതായി കാണുന്നുണ്ട്. കരുതൽ ധനം വികസനത്തിനുപയോഗിക്കുമ്പോഴും ഓഹരിഉടമകൾ തന്നെയാണ്, വിതരണം ചെയ്യാത്ത ലാഭത്തിൽനിന്ന് ആയതു നൽകുന്നതെന്നും, വ്യവസായത്തിൽനിന്ന് ഡിവിഡണ്ടുമൂലം ഓഹരിയുടമകൾക്കു കിട്ടുന്ന ധനത്തിൽനിന്നാണ് പുതിയ മൂലധനം വരേണ്ടതെന്നും ഉള്ള പരമാർത്ഥത്തെ പ്രസ്തുത ചിന്താഗതി വിസ്മരിക്കുകയാണു ചെയ്യുന്നതു്. ഒന്നാമതായി ഓഹരിയുടമകൾക്ക് അധികം ഡിവിഡണ്ടുകൊടുക്കുകയും ആ ഡിവിഡണ്ടിന്റെ ഒരു ഭാഗം പുതിയ നിക്ഷേപമായി തിരികെ വാങ്ങുകയും ചെയ്യുന്നതും, ചുരുങ്ങിയ ഡിവിഡണ്ടു കൊടുക്കുകയും ലാഭത്തിന്റെ ബാക്കി പുതിയ യന്ത്രവിഭാഗത്തിനും മററുംവേണ്ടി ചിലവഴിക്കുകയും ചെയ്യുന്നതുതന്നെ തത്വത്തിൽ വലിയ വ്യത്യാസമൊന്നുമില്ല; രണ്ടാമത്തെ സമ്പ്രദായമാണ് കൂടുതൽ ഫലപ്രദവും പ്രായോഗികവുമായിട്ടുള്ളതു്.

പ്രാദേശികവാർത്തകൾ

കോട്ടയം

തിരു-കൊച്ചി ഗവ: പ്രൈമറിസ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ ഡിസ്ട്രിക്ട് സമിതിയുടെ ഒരു പൊതുയോഗം മുട്ടമ്പലം എൻ. എസ്. എസ്. സ്കൂൾഹാളിൽവച്ച് ഈ. ശങ്കരവാര്യരുടെ അദ്ധ്യക്ഷതയിൽകൂടി. സെക്രട്ടറി പി. സി. മത്തായി സംഘടനയുടെ നാളിതുവരെയുള്ള റിപ്പോർട്ടും വരവുചെലവുകണക്കുകളും വായിച്ചവതരിപ്പിച്ചു. എല്ലാ ഗവ: പ്രൈമറിസ്കൂൾ ടീച്ചേഴ്സും അംഗങ്ങളായിരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും മററും വാസുദേവൻപിള്ള പ്രസംഗിച്ചു. പിന്നീട് കേന്ദ്രഭരണസമിതിയിലേയ്ക്ക് പ്രതിനിധികളായി വി. കൃഷ്ണയ്യർ, പി സി. മത്തായി എന്നിവരെ തെരഞ്ഞെടുത്തു. സംഘടനയിൽ അംഗങ്ങളായി ചേർന്നിട്ടുള്ളവരിൽനിന്നും മേലാൽ 12 ണ. വീതവും പുതുതായി ചേരുന്നവരിൽ നിന്നും 1 രൂപാ, 12 ണ പ്രകാരവും ഫീസ് പിരിക്കേണ്ടതാണെന്നു യോഗം തീരുമാനിച്ചു.

ചങ്ങനാശ്ശേരി

പെരുന്നയിൽ പള്ളിപ്പറത്ത് കുമാരൻനായരുടെ പുത്രി വിജയാദേവിയും തിരുവല്ലാ പുളിക്കമാലിൽ എസ്. കൃഷ്ണപിള്ളയുടെ ഭാഗിനേയൻ മധുസൂദനൻപിള്ളയും തമ്മിലുള്ള വിവാഹം വധൂഗൃഹമായ പന്തളം തെക്കേക്കര കോയിക്കോണത്തു വീട്ടിൽവച്ച് അനേകം പ്രശസ്തവ്യക്തികളുടെ സാന്നിദ്ധ്യത്തിൽ സമംഗളം നടന്നിരിക്കുന്നു

ആറാം ഡിവൻകൂർ മോട്ടോർ വർക്കേഴ്സ് യൂണിയൻ ആഫീസിൽവച്ച് വിവിധ തൊഴിലാളികൾ യോഗംകൂടി "ദി ട്രാവൻകൂർ വിവിധ തൊഴിലാളി യൂണിയൻ" എന്ന ഒരു സംഘടന രൂപീകരിക്കുകയും ആയതിലേയ്ക്ക് സ: എൻ. ഭാസ്കരൻനായർ പ്രസിഡൻറായും, സ: അമ്പി വൈസ്പ്രസിഡൻറായും, ജയിലാനി സെക്രട്ടറിയായും ഒരു കമ്മററിയെ തെരഞ്ഞെടുത്തിരിക്കുന്നു.

കുടിങ്ങൂർ

കുടിങ്ങൂർ വില്ലേജുപഞ്ചായത്തിൽപ്പെട്ട കുടിങ്ങൂരും ചേർപ്പുങ്കലും ഗവർമ്മെൻറിൽനിന്നും ഇലക്ട്രിക്ക്ലൈററ് അനുവദിച്ചു. അതനുസരിച്ച് ആവശ്യമുള്ള കെട്ടിടങ്ങളിൽ വയറിംഗ് നടത്തി പണം കെട്ടിവച്ചിട്ട് ഇപ്പോൾ ഒരു വർഷത്തിനു മേലാകുന്നു. മേൽപ്പറഞ്ഞ രണ്ടു സ്ഥലങ്ങളിലും ഒരുപോലെ ലയിൻ വലിക്കയും വേലകൾ തീർക്കുകയും ചെയ്തുകഴിഞ്ഞിട്ട് ഇപ്പോൾ 6 മാസമാകുന്നു. എന്നാൽ ചേർപ്പുങ്കൽ കറൻറുകൊടുത്തിട്ട് ഒരു മാസത്തിനു മേലായെങ്കിലും ഇതേവരെയും കുടിങ്ങൂർ മാത്രം മീററർ ഘടിപ്പിക്കയോ കറൻറ് അനുവദിക്കുകയോ ചെയ്തിട്ടില്ല. അതിനാൽ ഇക്കര്യത്തിലേയ്ക്ക് അധികാരികളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

കല്ലിശ്ശേരി

ആറന്മുള വള്ളംകളിപ്രമാണിച്ചു ഇറപ്പുഴ തെക്കേക്കരനിന്നുണ്ടായിരുന്ന സ്പെഷ്യൽ ബോട്ടുസർവ്വീസു സമയം, സ്ഥലം ജട്ടിമാസ്റ്റർ ഇറപ്പുഴ ജോസഫും ഒരു സ്ത്രീക്കുമായുണ്ടായ വാക്കുതർക്കം അടികലശലിലും കത്തിക്കുത്തിലും അവസാനിച്ചു. സ്ഥലത്തുണ്ടായിരുന്ന ജട്ടിസ്റ്റാഫിന്റെ അതീവനിയന്ത്രണത്തിലാണ്, യാത്രക്കാർ നിറഞ്ഞിരുന്ന ബോട്ടുകൾ അപകടംകൂടാതെ സർവ്വീസുവിട്ടതു്. ഇതുസംബന്ധിച്ചു ചെങ്ങന്നൂർ പോലീസ് വേണ്ട നടപടികൾ ഉടൻ കൈക്കൊള്ളുകയും അന്വേഷണം തുടരുകയുംചെയ്തുവരുന്നു. ഇപ്പോൾ എല്ലാ ബോട്ടുകളും സൗകര്യമായി വടക്കേ തീരത്തു് അടുത്തു് ക്രമമായും സമാധാനപരമായും സർവീസു നടത്തിവരുകയും, സ്ഥലവാസികൾ അതിലേയ്ക്കുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കയും ചെയ്തുവരുന്നു.

വടക്കൻപററൂർ

കയർവ്യവസായത്തെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന ഈ താലൂക്കിലെ പടിഞ്ഞാറൻപ്രദേശങ്ങളായ വടക്കേക്കര, എഴിക്കര മുതലായ സ്ഥലങ്ങളിലെ അനേകായിരം തൊഴിലാളികുടുംബങ്ങൾ ടി വ്യവസായത്തിൽഉണ്ടായിട്ടുള്ള മാന്ദ്യമൂലംതൊഴിലില്ലാതെ അശരണരായിത്തീർന്നിരിക്കുന്ന ദുരിതപൂർണ്ണമായ അവസ്ഥ ദൈനംദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ടി പ്രദേശങ്ങളിൽ ഏതെങ്കിലും ദുരിതാശ്വാസ നടപടികൾ സത്വരമായി കൈക്കൊള്ളണമെന്നും മററുംകാണിച്ച് ചീഫ്സ്റ്റേറ്റിക്ക് നിവേദനം സമർപ്പിക്കുന്നതിനായി കാൺ: മണ്ഡലം പ്രസിഡണ്ട് കെ. പി. ഗോപാലമേനോൻ തിരുവനന്തപുരത്തേയ്ക്കു പോകുന്നതിനു നിശ്ചയിച്ചിരിക്കുന്നു

കുന്നമ്പാവ്

സ്ഥലത്തെ ലത്തീൻ കത്തോലിക്കാ പള്ളിയിടവകയിൽനിന്ന് ഇദംപ്രഥമായി നിയമബിരുദം സമ്പാദിച്ച കെ. ററി ജോർജ്ജിന് നട്ടുകാരുടെ വകയായി ഇംഗ്ലീഷ ഹൈസ്കൂളിൽവച്ച് ഇ. പി. വറഗീസിന്റെ അദ്ധ്യക്ഷതയിൽ ഒരു അനുമോദനം നൽകിയിരിക്കുന്നു.

പ്രൊ: എം.പി. പോൾ എം. എ. യുടെ ജന്മദേശമായ മാന്നാടി (വരാപ്പുഴ)യിൽ, പരേതന്റെ സ്മാരകാർത്ഥം സ്ഥാപിക്കുവാൻ നിശ്ചയിച്ചിട്ടുള്ള പബ്ളിക്ക് ലൈബ്രറിയുടെ ധനശേഖരം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ഏററമാനൂർ

ഏററമാനൂർ കൺസർവൻസി ഓവർസിയർ പല്ലാട്ട് പി. എൻ. ബാലകൃഷ്ണൻനായരും ആലുവാ വെളിയത്തുനാട്കരയിൽ വടക്കേടത്തു് ആർ. ഗോപാലപിള്ളയുടെ പുത്രി സരസ്വതിഅമ്മയും തമ്മിലുള്ള വിവാഹം വധൂഗൃഹമായ വെളിയത്തുനാട്കരയിൽ തുപ്പേലിൽവീട്ടിൽവച്ചു സമംഗളം നടന്നിരിക്കുന്നു.

ചെമ്പിളാവ്

സ്ഥലം കെ. സി. വൈ. എം. വായനശാലയുടെ 17-ാമതു് വാർഷികം ചെറിയാൻകാപ്പൻ എം. എൽ. എ യുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു മേരി, കുട്ടൻ കളരിക്കൽ, എ. എൻ. ഗോപാലകൃഷ്ണപിള്ള മുതലായവർ പ്രസംഗിച്ചു. സ്ഥലം വെള്ളക്കടകടവിൽ ഒരു ചങ്ങാടം അനുവദിച്ചു തരുന്നതിനു് ഗവർമ്മെൻറിനോടു് അഭ്യർത്ഥിക്കുന്നതായും മററുമുള്ള പ്രമേയങ്ങൾ പാസ്സാക്കപ്പെട്ടു.

കിളിരൂർ

സ്ഥലത്തെ ഒരു പുരാതനകുടുംബാംഗമായ കുട്ടൻഇട്ടിച്ചെറിയാന്റെ പുത്രൻ ററി. ഇ കുട്ടനും (കുട്ടപ്പനും) മണിയാങ്കേരിൽ ഔസേപ്പിന്റെ മകൾ റോസമ്മയും തമ്മിലുള്ള വിവാഹം സെൻറ് ഫ്രാൻസീസ് സാലേസ് ചർച്ചിൽവച്ചു സമംഗളം നടന്നിരിക്കുന്നു.

ചേർത്തല

റേഡിയോസ്റ്റാർ ജനാർദ്ദനഭാഗവതരുടെശിക്ഷണത്തിൽ എൻ. പങ്കജാക്ഷിഅമ്മ അഭ്യസിച്ച സന്താനഗോപാലം ഹരികഥ മരത്തോർവട്ടം ധന്വന്തരിക്ഷേത്രസന്നിധിയിൽവച്ചു നടത്തിയിരിക്കുന്നു.

കൊല്ലകടവ്

സ്ഥലത്തെ പാലം ഉൽഘാടനത്തിനുശേഷം വാഹനഗതാഗതം വളരെ വർദ്ധിച്ചിട്ടുണ്ട്. ചന്തയിൽനിന്നുള്ള പ്രധാന റോഡിൽ അനുവദിക്കാമെന്നു പറഞ്ഞിരിക്കുന്ന ഓവർബ്രിഡ്ജ് ഇതുവരെയും പണിപോലും ആരംഭിച്ചിട്ടില്ല. തൊട്ടടുത്തുള്ള സ്കൂളിൽ വരുന്ന നിരവധി വിദ്യാർത്ഥികളും യാത്രക്കാരുമുള്ള ഈ സ്ഥലത്തു വെട്ടിക്കഴിച്ചിട്ടുള്ള ഭാഗത്തേയ്ക്കു് ചില കുട്ടികൾ വീഴാറുണ്ട്.

ഇവിടെയും പരിസരത്തും ചില മ

1952 സെപ്ററംബർ 11 വ്യാഴം

THE DESABANDHU

1128 ചിങ്ങം 26 വ്യാഴം

ട്രേഡ്‌യൂണിയനിൽപെട്ട് വഴിതെററി പ്രക്ഷോഭണമുണ്ടാക്കുന്നവർക്ക് ദേ: ബോർഡ് ശമ്പളക്കൂടുതൽ കൊടുക്കരുത്; അവരെ ക്ഷേത്രത്തിനുപുറത്താക്കുകയും വേണം

ആ നില സ്വീകരിച്ചില്ലെങ്കിൽ ബോർഡിന് ഭരണം നടത്താൻ സാദ്ധ്യമല്ലാതെ വരും—സഖാക്കളുടെ ഓലപ്പാമ്പുകണ്ട് ദേവസ്വം ബോർഡ് പരിഭ്രമിക്കരുത്—ദേവസ്വം സിൽബന്ധികളെ ഉദ്ധരിക്കാൻ വെമ്പുന്നവർ ആദ്യമായി പള്ളി സിൽബന്ധികളെ ഉദ്ധരിക്കട്ടെ— അങ്ങോട്ടുതിരിഞ്ഞു നോക്കുകയില്ലെന്ന് മുന്തിരിങ്ങാപ്പഴം പുളിക്കുന്നതാണ്—മന്നത്തു പത്മനാഭന്റെ പ്രസ്താവന

"യൂണിയന്റെ മെമ്മോറാണ്ടം അവഗണിക്കരുത്" എന്ന തലക്കെട്ടിൽ ശ്രീ. പട്ടം താണുപിള്ള പുറപ്പെടുവിച്ച പ്രസ്താവന വായിച്ചു. 'ആരം ടാവൻകൂർ ദേവസ്വം നാൻപെൻഷണബിൾ എംപ്ളോയിസുയൂണിയനെ സംബന്ധിച്ച് ദേവസ്വം ബോർഡു സെക്രട്ടറിയുടെ പ്രസ്താവനയും, മലയാളി മുതലായ ചില പത്രങ്ങളും മന്നത്തു പത്മനാഭൻ തുടങ്ങിയ നേതാക്കന്മാരും പുറപ്പെടുവിച്ചിട്ടുള്ള ആക്ഷേപങ്ങളും ജനമദ്ധ്യത്തിൽ തെററിദ്ധാരണകൾക്കു ഇടകൊടുക്കുന്നവയാകയാൽ ഈ വിഷയത്തെപ്പററിയുള്ള യാഥാർത്ഥ്യം പൊതുജനങ്ങളെ ഗ്രഹിപ്പിക്കാൻവേണ്ടിയാണെന്നുള്ള മുഖവുരയോടുകൂടി പുറപ്പെടുവിച്ച അദ്ദേഹത്തിന്റെ പ്രസ്താവനയ്ക്കു് അതേ കാരണം കൊണ്ടുതന്നെയാണെങ്കിലും ഒരു മറുപടി എഴുതേണ്ടിവന്നതിൽ വ്യസനിക്കുന്നു. ഈ യൂണിയൻ രജിസ്റ്റർചെയ്തതു് നിയമവിരുദ്ധമാണെന്നും യൂണിയൻ, ദേവാലയങ്ങൾക്കു ദോഷകരമാണെന്നും ഞങ്ങൾ ആക്ഷേപിച്ചു എന്നാണു ദ്ദേഹം പറയുന്നതു്. ആക്ഷേപിച്ചില്ലെങ്കിലും പറഞ്ഞതു ശരിയാണു്. ദേവസ്വം സിൽബന്ധികൾ അവരുടെ ന്യായമായ അവകാശസംരക്ഷണത്തിനും കാര്യക്ഷമതയ്ക്കും വേണ്ടി ഒരു സംഘടന ഉണ്ടാക്കിക്കൂടെന്നു് ഞങ്ങളാരും പറഞ്ഞിട്ടില്ല. അതു് ഒരു ട്രേഡ്‌യൂണിയനാക്കിയതു തെററാണെന്നേ പറഞ്ഞുള്ളു. ദേവസ്വം സിൽബന്ധികൾ ഒരു മതസ്ഥാപനത്തിലെ പ്രവർത്തകരാണു്. അവരെ 'ചെത്തുതൊഴിലാളി'കളേയും 'ബീഡിത്തൊഴിലാളി'കളേയും പോലെ ട്രേഡ്‌യൂണിയന്റെ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതു ശരിയല്ലെന്നും അതു നിയമപ്രകാരംതന്നെ തെററാണെന്നും ഞാൻ ഇപ്പോഴും പറയുന്നു.

നിയമപണ്ഡിതയായ ശ്രീമതി കൈലാസം രാജമ്മയുടെ നിലവിട്ട് ശകാരസമ്പൂർണ്ണമായ "നക്രബാഷ്പം" മുഴുവൻ വായിച്ചിട്ടും എന്റെ അഭിപ്രായത്തിനു മാററം വരുന്നില്ല. അവരുടെ അടുത്തു നിൽക്കാനുള്ള നിയമപരിജ്ഞാനം എനിക്കില്ലെന്നു് ആർക്കാണു് അറിഞ്ഞുകൂടാത്തതു്? അങ്ങിനെ ഇരുന്നിട്ടും അവർ ഉടുത്തൊരുങ്ങി എന്റെ മേൽ അനാവശ്യമായിത്തന്നെ ഒരാക്രമണം നടത്തിയതു് എന്തിനെന്നറിയുന്നില്ല. ഞാൻ ഒരു വിധം ക്ഷീണിച്ചുകാണുമെന്നു വിശ്വസിച്ച് അവർ തൃപ്തിപ്പെട്ടിരിക്കയായിരിക്കും. അതു ആ വേശത്തിനു തക്ക കാര്യമൊന്നുമുണ്ടായില്ല. ഞാൻ സാക്ഷാൽ മന്നത്തുപത്മനാഭനാണെന്നും, വിവേചനമോ യുക്തിയോ കൂടാതെ ആരേയും എങ്ങിനെയും ശകാരിക്കാനുള്ള സാമർത്ഥ്യം മുമ്പുതന്നെ എനിക്കുണ്ടെന്നും, ഒതൊഴിൽനിയമമെല്ലാം പഠിച്ച് ഹൈസ്ഥമാക്കിയിരിക്കുന്ന നിയമപണ്ഡിതനാണെന്നു ഭാവമുണ്ടെന്നും, ഞാൻ ഭീഷണിപ്പെടുത്തിയെന്നും, എന്റെ സമ്പ്രദായം വയസ്സായിട്ടും മാറിട്ടില്ലെന്നും, ഞാൻ ഒരു മാറാപ്പുള്ളിയാണെന്നും മററുമുള്ള കുമ്പസ്പ്രയോഗം കൊണ്ടു് എന്റെ മാർവിടം തകർത്തിട്ടുണ്ടു്. അഡ്വോക്കേററ് രാജമ്മയ്ക്കു് "പ്ളീഡർ" എന്നു കേൾക്കുന്നതുതന്നെ മഹാ പുച്ഛമാണു്. അവരെ ഈ നിലയിലാക്കിയ പിതാവിനെ ഓർത്തിട്ടെങ്കിലും പ്ളീഡറെ പുച്ഛിക്കാതിരിക്കേണ്ടതായിരുന്നു. അനിയന്ത്രിതസ്വഭാവമുള്ള ഒരു സ്ത്രീ ലായറം അതുമൂത്ത് ഒരു സഖാവുമായാൽ അവരിൽനിന്നും ഇതിലധികവും പ്രതീക്ഷിക്കേണ്ടതാണു്. ശ്രീമതി രാജമ്മയുടെ ഇന്നത്തെ നിലയ്ക്കു ഒരു സഖാവു് ആകുന്നതിലും എന്നെപ്പോലെ ഒട്ടാകെ പ്രായമായവരെയും കമ്യൂണിസ്റ്റ് സമ്പ്രദായത്തിൽ അധിക്ഷേപിച്ച് പ്രമാണിനിയാകാൻ ശ്രമിക്കുന്നതിലും തെററപറഞ്ഞുകൂടാ. അങ്ങിനെ എങ്കിലും രക്ഷകിട്ടുമെങ്കിൽ ഞാനിതെല്ലാം സഹിക്കാം.

ശ്രീ. പട്ടംതാണുപിള്ളയും ദേവസ്വം സിൽബന്ധികളുടെ ട്രേഡ്‌യൂണിയൻ സംഘടന നിയമസാധുത്വമുള്ളതാണെന്നു പറഞ്ഞുകൊണ്ടാണു് പുറപ്പെടുവിച്ചിട്ടുള്ളതു്. അദ്ദേഹം രാജമ്മയെക്കാൾ പഴക്കംചെന്ന അഡ്വക്കേററാണു്. അദ്ദേഹത്തിന്റെ പ്രസ്താവന സഖാവു് രാജമ്മ ഒന്നുവായിച്ചുനോക്കി ആ രീതി സ്വീകരിക്കുന്നതായിരിക്കും അവരുടെ രക്ഷയ്ക്കും പേരിനും നല്ലതെന്നുതോന്നുന്നു. പട്ടത്തിന്റെ പ്രസ്താവന വായിച്ചിട്ടും എന്റെ സംശയം തീരുന്നില്ല. എവിടംമുതൽ എവിടംവരെയുള്ളവരെയാണു് "തൊഴിലാളി"കളിൽ ഉൾപ്പെടുത്താവുന്നതെന്നാണു് ആദ്യമായി അറിയേണ്ടതു്. വിശാലമായ വിവരണത്തിൽ ഏതു പ്രവൃത്തിയും തൊഴിലാണു്. ആ ന്യായത്തിൽ ഏതു പ്രവൃത്തിചെയ്യുന്നവരേയും തൊഴിലാളിഗണത്തിൽ പരിഗണിക്കേണ്ടിവരും. അങ്ങിനെയാണെങ്കിൽ വക്കീലന്മാരും തൊഴിലാളിഗണത്തിൽ ഉൾപ്പെടേണ്ടവരല്ലേ? ഏതെങ്കിലും വക്കീൽസംഘം ട്രേഡ്‌യൂണിയൻ അടിസ്ഥാനത്തിൽ രജിസ്റ്റർചെയ്തിട്ടുണ്ടോ? ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണു്? നമ്മുടെ സഖാവു് രാജമ്മ സ്വന്തംതൊഴിൽ ആ അടിസ്ഥാനത്തിൽ രജിസ്റ്റർചെയ്തു നടത്താത്തതെന്താണെന്നും അറിയേണ്ടിയിരിക്കുന്നു. ഇതുപോലെ എത്രയോ പ്രവർത്തനങ്ങളിൽപെട്ടവർ ട്രേഡ്‌യൂണിയനു പുറത്തുകിടപ്പുണ്ടു്. അങ്ങനെയുള്ള എല്ലാ ജനം പ്രവർത്തകന്മാരെയും ട്രേഡ്‌യൂണിയനിൽ ഉൾപ്പെടുത്താൻ കഴിയുമെന്നു് ശ്രീ: താണുപിള്ള പറയുമെന്നു തോന്നുന്നില്ല.

അദ്ദേഹത്തിനു വിവരമുണ്ടല്ലോ. ഏതിനെയും ഉൾപ്പെടുത്താമെന്നു സ്ഥാപിച്ചാൽ തന്നെയും ദേവസ്വംസിൽബന്ധികളെ ഉൾപ്പെടുത്തിക്കൂടെന്നാണു് എന്റെ അഭിപ്രായം. 'അതൊരു മതസ്ഥാപനകാര്യമാണു്. മതസ്ഥാപനത്തിനുള്ളിലും ശമ്പളത്തിനുവേണ്ടി 'സ്ട്രൈക്കും' "ഇങ്കിലാബും" സത്യഗ്രഹംകിടപ്പും ധിരാഹാരസത്യഗ്രഹവും ഉണ്ടാക്കാനുള്ള ഏർപ്പാടുകൾക്കു് ശ്രീ: പട്ടത്തിനെപ്പോലുള്ള ഒരു മഹാനേതാവു് പ്രേരണനൽകുകയൊ, സാക്ഷിനിൽക്കയെങ്കിലുമൊ ചെയ്യുന്നതു് വേദനാജനകമാണു്. ഒഴിച്ചിടപ്പെട്ടതായി എന്തെങ്കിലും ചിലതു ട്രേഡ്‌യൂണിയനിലും കാണും. അതിൽ ഒന്നാമതായിപ്പെടുന്നതു് മതസ്ഥാപനങ്ങൾ — വിശേഷിച്ചു ദേവാലയങ്ങൾ—ആണെന്നാണു ഞാൻ വിചാരിക്കുന്നതു്. സഖാവു് രാജമ്മ കോപിക്കരുതു്. ഞാൻ നിയമജ്ഞനെന്നുള്ള ഭാവത്തിൽ എഴുതുന്നതല്ല. കാമൺസെൻസ് ഉള്ളതുകൊണ്ടെഴുതുന്നതാണു്.

ട്രേഡ്‌യൂണിയൻ നിയമം ദേവാലയങ്ങളേയും ബാധിക്കുന്നതാണെങ്കിൽ എന്തുകൊണ്ടു് മററു മതസ്ഥാപനങ്ങളിലെ പ്രവർത്തകന്മാർക്കുവേണ്ടി ഒരു യൂണിയൻ രജിസ്റ്റർചെയ്യുന്നില്ല? എല്ലാ ക്രിസ്ത്യൻ പള്ളികളിലും "കപ്പിയാർ" തുടങ്ങി നിസ്സാര ശമ്പളം പററുന്ന സാധുക്കൾ ഈ തിരുവിതാംകൂർ—കൊച്ചി രാജ്യത്തു നാലായിരംപേരെങ്കിലും കാണും. ജാതിമതഭേദമില്ലാത്ത സഖാവു രാജമ്മയും, അവർഗ്ഗീയനായ മഹാനേതാവു ശ്രീ. താണുപിള്ളയും എന്തുകൊണ്ടു പള്ളിയ്ക്കകത്തെ ദുരന്തങ്ങൾ നീക്കാൻ ശ്രമിക്കുന്നില്ല? അവിടെയും കുഴപ്പമുണ്ടാക്കാൻ ആഗ്രഹം കണ്ടേയ്ക്കും. പക്ഷെ, ചെന്നാലുള്ള ഫലമറിയാം. ഹിന്ദുക്കളുടെ ദേവാലയംപോലെ ഉടമസ്ഥനില്ലാതെ കിടക്കുന്നതല്ല ക്രിസ്ത്യീയ ദേവാലയങ്ങൾ. അതുംകൂടാതെ കർത്താവിനും മുടക്കാനും ഇടയാകുന്ന രംഗങ്ങളിലേയ്ക്കു് അവരുടെ പള്ളികളെ നയിക്കാൻ സമീപിക്കുമ്പോൾകാണാം. സഖാക്കൾക്കു് നിൽക്കക്കള്ളിയില്ലാതെ വരുന്നതു്. നിയമവും ഉദ്യോഗസ്ഥന്മാരുമുണ്ടല്ലോ. പള്ളി പ്രവർത്തകരെ ബാധിക്കത്തക്ക ഒരു ട്രേഡ്‌യൂണിയൻ, പേരിനു വേണ്ടിഎങ്കിലും ഒന്നുണ്ടാക്കികാണിക്കാരോ? എന്നിട്ടാകട്ടെ ദേവസ്വം സിൽബന്ധികളെ ഉദ്ധരിക്കാൻ! അങ്ങോട്ടു തിരിഞ്ഞു നോക്കുകയില്ലെന്നു എനിക്കറിയാം. ആ മുന്തിരിങ്ങാപ്പഴം പുളിക്കുന്നതാണു്.

ഗ്രഹപ്പിഴയ്ക്കു ഹിന്ദുസമുദായത്തിൽ ജനിച്ച എന്ന കാരണംകൊണ്ടു് സിദ്ധിച്ച ജന്മവാസനകൾ തീർക്കുതിയതിലും സഹിക്കാം, ജനച്ചതിന്റെ പ്രതിഫലമായി ജനിച്ചിടം നശിക്കാൻ ഇടയാക്കുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതു കഷ്ടമാണു്. അതുകൊണ്ടു ഹിന്ദുക്കളെമാത്രം ബാധിക്കുന്ന ഒരു പരിഷ്ക്കാരത്തിനു സഖാക്കൾ മുൻകൈ എടുക്കുന്നതു് അവരുടെ തത്വത്തിനു ചേർന്നതാണോ എന്നു ഒന്നുകൂടി ആലോചിക്കണം. ക്രിസ്ത്യൻ ദേവാലയത്തെ സംബന്ധിക്കത്തക്കവിധം പുതുതായി ഒന്നു രജിസ്റ്റർ ചെയ്യാൻ സാദ്ധ്യമല്ലെങ്കിൽ, ഇതിനെ ഒന്നു പരിഷ്ക്കരിച്ചാലും മതി. ദേവസ്വം സിൽബന്ധികൾ എന്നുള്ളതിനെ പരിഷ്ക്കരിച്ച് ദേവാലയ സിൽബന്ധികൾ എന്നാക്കാൻ പ്രയാസമുള്ളതല്ലല്ലോ. ഇവിടത്തെ സോഷ്യലിസ്റ്റ്പാർട്ടിയിലേപ്പോലെ പേരിനു രണ്ടുമൂന്നു ക്രിസ്ത്യാനികളേയും കൂടി ചേർത്താലും മതിയാകും. ഉചിതമല്ലാത്ത രീതിയിൽ ഈ യൂണിയൻ പ്രവർത്തിക്കുമെന്നു ശങ്കിക്കാൻ കാരണമില്ലെന്നും, ലേബർ കമ്മീഷണറേയോ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിനേയോ സമീപിക്കണമെന്നു നിർബന്ധമില്ലെന്നും ശ്രീ. താണുപിള്ള പറയുന്നു. നിയമപ്രകാരം അതെല്ലാം അതിലുണ്ടെങ്കിൽ ആവശ്യം വരുമ്പോൾ പുറത്തേക്കു് വരുമെന്നുള്ളതു് തീർച്ചയാണു്. അതു് താണുപിള്ളയും സൂചനകൊണ്ടെങ്കിലുസമ്മതിക്കുന്നു. അതു സംഭവിക്കാതിരിക്കണമെങ്കിൽ ദേവസ്വം ബോർഡ് കരുതി ജീവിച്ചുകൊള്ളണം എന്നാണദ്ദേഹം പറയുന്നതു്. സംഭവിച്ചാലുള്ള തെററും ദേവസ്വംബോർഡിന്റേതാണെന്നർത്ഥം. യൂണിയൻ പറയുന്നതൊക്കെ കേൾക്കയും ചോദിക്കുന്നതൊക്കെ കൊടുക്കുകയും ചെയ്താൽ ബോർഡിനു ബോർഡായിരിക്കാം. അല്ലെങ്കിൽ ബോർഡ് ലേബർക്കമ്മീഷണറുടെ മുമ്പിൽ മുട്ടുകുത്തേണ്ടിവരും. ആ പരിതഃസ്ഥിതി സൃഷ്ടിക്കരുതെന്നേ പറഞ്ഞുള്ളു. അല്ലാതെ പാവപ്പെട്ട ദേവസ്വം സിൽബന്ധികൾക്കൊന്നും കൊടുക്കരുതെന്നു് ആരും പറഞ്ഞില്ല. ഈമാർഗ്ഗം സ്വീകാര്യമല്ലെന്നും ദേവസ്വത്തേയും ഭരണത്തേയും ആർക്കെങ്കിലും കടന്നുകേറി അലങ്കോലപ്പെടുത്താൻ തക്കവണ്ണം ആക്കിത്തീർക്കരുതെന്നുമുള്ളതു് എന്റെ ദൃഢാഭിപ്രായംതന്നെയാണു്.

ദേവസ്വം സിൽബന്ധികൾക്കു ശമ്പളം കൂട്ടിക്കൊടുക്കാൻ അന്വേഷണവും ആലോചനയും നടക്കുന്നുണ്ടെന്നും ശമ്പളം കൂട്ടികൊടുക്കുമെന്നും പറഞ്ഞപ്പോൾ അതു യൂണിയൻ ഉണ്ടായതുകൊണ്ടല്ലെ എന്നു ചോദ്യംചെയ്യുന്നു. ഇതു് നേതൃത്വസഖാക്കളുടെയെല്ലാം ചോദ്യമാണു്. മഴപെയ്തതും വെയിലു തെളിഞ്ഞതും ഓണം വന്നതും ഉണ്ണിപിറന്നതുമെല്ലാം സഖാക്കളുടെ യൂണിയൻ പ്രവർത്തനം നിമിത്തമാണെന്നു പറഞ്ഞു് അവരെ നിത്യാന്ധരാക്കാനുള്ള മഷിപാവപ്പെട്ടവരുടെ കണ്ണിലെഴുതുന്നതിലാണു് അവരുടെ സാമർത്ഥ്യം സ്ഥിതിചെയ്യുന്നതു്. യൂണിയനില്ലാതെ തന്നെ ഉദ്യോഗസ്ഥന്മാർക്കു പലർക്കും ദേവസ്വം ബോർഡു് ശമ്പളക്കൂടുതൽ കൊടുത്തിട്ടുണ്ടു്. അടുത്തപടി സിൽബന്ധികളുടെ കാര്യമാണു്. അതും മുറപ്രകാരം എടുത്തിട്ടുണ്ടു്. യൂണിയൻ ഇല്ലാതിരുന്നെങ്കിൽ ഇതിനുമുമ്പുതന്നെ അതിനൊരു വ്യവസ്ഥയുണ്ടാകുമായിരുന്നു. ട്രേഡ്‌യൂണിയനിൽപെട്ടു വഴിതെററി പ്രക്ഷോഭണമുണ്ടാക്കുന്നവർക്കു് ശമ്പളക്കൂടുതൽ കൊടുക്കയില്ലെന്നു് മാത്രമല്ല, അവരെ ക്ഷേത്രത്തിനു പുറത്തിറക്കുമെന്നുള്ള ഒരു നിലകൂടി സ്വീകരിച്ചില്ലെങ്കിൽ ബോർഡിനു ഭരണംനടത്താൻ സാദ്ധ്യമല്ലാതെവരും. ശാന്തിക്കാരൻനേറയും ചെണ്ടക്കാരൻനേറയും സ്ട്രൈക്കിനെ ഭയമുള്ള ഭരണത്തിൽഭേദം ഭരണമില്ലാതിരിക്കയാണു്.

ഞാൻ ദേവസ്വംബോർഡ് പ്രസിഡണ്ടായിരുന്നപ്പോൾ ഇക്കാര്യത്തിൽ എന്തു ചെയ്തുവെന്നു് മഹാനായ താണുപിള്ളയും ചോദിക്കുന്നു. ഒന്നും ചെയ്തില്ലെന്നു മാത്രമല്ല അവരുടെ ചോറിൽ മൂന്നിലൊന്നു് പിടിക്കയുംകൂടി ചെയ്തുവെന്നു അദ്ദേഹംതന്നെ എനിക്കുവേണ്ടി ഉത്തരവും പറയുന്നു. അതുരണ്ടും ശരിയാണു്. ആറേഴുമാസമേ ആ സ്ഥാനത്തിരിക്കാൻ എനിക്കിടയായുള്ളു. ആദ്യത്തെ ബോർഡായിരുന്നതുകൊണ്ടു് ഹരി:ശ്രീ മുതലുള്ള പ്രവർത്തനമായിരുന്നു ഞങ്ങൾക്കു ചെയ്യേണ്ടിയിരുന്നതു്. അതിനിടയിൽ സിൽബന്ധികളുടെ അടുത്തുവരെ ചെന്നെത്തുവാൻ സമയം കിട്ടിയില്ല. അവിടെ ഒരു സമൂലപരിവർത്തനംതന്നെ നടത്തണമെന്നു കാണുകയുംചെയ്തു. ചോറ മൂന്നിലൊന്നു കുറച്ചതു നിവേദ്യത്തിനു അരികിട്ടാനുള്ള ദൌർലഭ്യംകൊണ്ടാണു്. ദേവസ്വം വസ്തുക്കളെ എല്ലാം കയ്യടക്കിയ പഴയ ഗവർമ്മെൻറിന്റെ പുതിയ ഭരണക്കാരുടെ അധീനതയിലായിരുന്നു നിവേദ്യത്തിനുള്ള അരി തരാനുള്ള അധികാരം സ്ഥിതിചെയ്തിരുന്നതു്. കിട്ടിയ അരികൊണ്ടു് നിവേദ്യമുണ്ടാക്കിക്കാനും അതു വിതിച്ചുകൊടുക്കാനുമുള്ള കഴിവെ ബോർഡിനുണ്ടായിരുന്നുള്ളു. ഇപ്പോഴുമുള്ളു. അതുകൊണ്ടു് സിൽബന്ധികൾക്കു ശമ്പളം കൂട്ടിക്കൊടുക്കാൻ ആഗ്രഹമില്ലായിരുന്നു എന്നർത്ഥമാകുന്നില്ല.

ശ്രീ. താണുപിള്ള പ്രധാനമന്ത്രിയായി വിജയപൂർവം രാജ്യം ഭരിച്ചശേഷം നീങ്ങിയിരുന്നുകൊണ്ടു് ദേവസ്വംബോർഡ് പ്രസിഡന്റെന്ന നിലയിലെ എന്റെ അപജയഭരണം ചൂണ്ടിക്കാണിക്കയാണെങ്കിൽ നമുക്കു് അടുത്തിരുന്നു് അല്പം സംസാരിക്കേണ്ടിവരും. താണുപിള്ളയ്ക്കും എന്നെപ്പോലെതന്നെ കുറച്ചുകാലമേ ഭരിക്കാൻ സൗകര്യം കിട്ടിയുള്ളു. കൂട്ടത്തിലുള്ളവരുടെ ചതിവുകൊണ്ടാണു് രണ്ടുപേരും പിരിയേണ്ടിവന്നതും. അവർഗ്ഗീയനാകാനും കൂടെയുള്ളവരുടെ ഇംഗിതസാദ്ധ്യത്തിനും വേണ്ടി ഹിന്ദുസമുദായത്തിലെ പ്രാപ്തന്മാരായ അനവധി ഉദ്യോഗസ്ഥന്മാരെ അന്യാന്യമായി വെട്ടിക്കുറച്ച് പല കുടുംബങ്ങളേയും നിത്യദുഃഖത്തിലാഴ്ത്തിയ താണുപിള്ളയുടെ മുമ്പിൽ, അരികിട്ടാഴികകൊണ്ടു് ചോറവെട്ടിക്കുറച്ച ഞാൻ എത്രയോ നിസ്സാരനായ അപരാധിയാണു്. എന്നാൽ വലിയ ഒരപരാധം അദ്ദേഹം എന്നിൽ ചുമത്തിയിട്ടുണ്ടു്. മതേതരസ്ഥാപനങ്ങൾക്കു് ഞങ്ങൾ ലക്ഷക്കണക്കിനു രൂപാ ദേവസ്വം ഫണ്ടിൽനിന്നും കൊടുത്തു എന്നുള്ളതാണതു്. ഹിന്ദുവിദ്യാർത്ഥികൾക്കു കൊടുത്ത സ്കോളർഷിപ്പും ഹിന്ദുക്കളുടെ കാളേജുകൾക്കു കൊടുത്ത ഗ്രാൻറുമായിരിക്കും അദ്ദേഹം സങ്കല്പിക്കുന്നതു്. ഹിന്ദുക്കളുടെ കാളേജുകൾക്കും ഹിന്ദുകുട്ടികൾക്കുമല്ലാതെ മതേതരക്കാർക്കാർക്കും ദേവസ്വം ഫണ്ടിൽനിന്നും ഒന്നും കൊടുത്തില്ല. ആ ഫണ്ടു് അതിനെല്ലാം കൂടിയുള്ളതാണെന്നു് ദേവസ്വം നിയമം വ്യക്തമാക്കുന്നുണ്ടു്.

ചില പത്രങ്ങളോ ഞങ്ങളിൽ ചിലരോ എഴുതിയതുകൊണ്ടു് ജയിച്ച എന്ന മനോഭാവമുണ്ടാകരുതെന്നു് താണുപിള്ള ദേവസ്വംബോർഡിനെ ഗൗരവപൂർവം ഓർമ്മപ്പെടുത്തുന്നതിനും പുറമേ, യൂണിയനേയും മെമ്മോറാണ്ടവുവസ്ഥകളേയും സ്വീകരിക്കാതെ നിർബന്ധം പിടിക്കുന്നപക്ഷം ഉണ്ടാകുന്ന "ഗുരുതരമായ ഭവിഷ്യത്തിനെ" ചൂണ്ടിക്കാണിച്ച് താക്കീതുചെയ്യുകയും ചെയ്യുന്നു.

സഖാക്കളുടെ ഈ ഓലപ്പാമ്പുകണ്ടു് ദേവസ്വംബോർഡ് പരിഭ്രമിക്കരുതെന്നും ഗുരുതരമായ ഭവിഷ്യത്തു് ഒന്നു കണ്ടറിയാൻ തയ്യാറാകണമെന്നുമാണു് എനിക്കു ബോർഡിനെ ധരിപ്പിക്കാനുള്ളതു്. അടുത്ത പരിപാടിയും കാണാൻ നമുക്കൊന്നു കാത്തിരിക്കാം. ടാൻസ്പോർട്ടു ട്രേഡ്‌യൂണിയൻ പോലെ ദേവസ്വം ട്രേഡ്‌യൂണിയനും ശ്രീ: താണുപിള്ളയിൽനിന്നും കമ്യൂണിസ്റ്റുംനേതാവായ ടി. വി. തോമ്മസ് തട്ടിയെടുക്കുമെങ്കിൽ താണുപിള്ളയുടെ ഉപദ്രവത്തിൽനിന്നും നമുക്കു രക്ഷപെടാൻ കഴിയുമല്ലോ, ശ്രീ. പട്ടത്തിനേപ്പററി എത്രയധികം ബഹുമാനമുണ്ടായിരുന്നാലും അദ്ദേഹത്തിന്റെ ഈ വഴിക്കാതെ ദേവസ്വംബോർഡ് ധർമ്മബോധത്തോടുകൂടി അദ്ദേഹത്തിന്റെ ഗുരുതരാവസ്ഥയെ നേരിടാൻ തയ്യാറാകുമെന്നാണു് എന്റെ വിശ്വാസം. പൂജമുട്ടിക്കലിന്റേയും അമ്പലം പൂട്ടലിന്റേയും ചുമതലയും അദ്ദേഹം തന്നെ ഏററെടുക്കട്ടെ.

A. S. S. മാർക്ക് നല്ലെണ്ണ വാങ്ങുവിൻ

പുൽത്തൈലം

(സ്വ.ലേ) കുറപ്പുമ്പടി, സെ. 10

പുൽത്തൈലം	81	രൂ. 4	ണ.
(സ്വ—ലേ) ആലപ്പുഴ, സെപ്ററം.			10
എണ്ണ ആലപ്പുഴ	475	0	0
പിണ്ണാക്ക് ടി	87	8	0
കൊ: പുകരാശി	325	0	0
തെളിവ്	330	0	0
റായിമുക്	345	0	0
കുരുമുളക് പാലാ	3400	0	0
ടി തെക്കൻ	3350	0	0
ചുക്ക്	450	0	0
മഞ്ഞൾ	90	0	0
തങ്കം ബാററ്ലാ	92	4	0
പവൻ	63	8	0
സ്വർണ്ണം	60	0	0
വെള്ളി	163	0	0
ചില്ലറ	1	11	0

റേഡിയോ പ്രോഗ്രാം

തിരുവനന്തപുരം—കോഴിക്കോട്

വ്യാഴം

വൈകിട്ട് 5.30—ന് സംഗീതപാഠം (തിരു), 5.45—ന് സംഗീതം—വി. പത്മനാഭൻ (തിരു), 6—ന് കാളിയമർദ്ദനം (തിരു), 5.30—ന് സുബ്രഹ്മണ്യ ഭാരതിയുടെ കൃതികൾ (കോ), 5.45—ന് സംഗീതപാഠം (കോ), 6—ന് ഗോട്ടുവാദ്യം—എ. ഐ. ആർ. ആർട്ടിസ്റ്റ് (കോ), 6.10—ന് ഹിന്ദിവാർത്തകൾ, 6.20—ന് പ്രാദേശികവാർത്തകൾ, 6.30—ന് ഗ്രാമീണപരിപാടി (തിരു), 6.30—ന് നാട്ടിൻപുറം (കോ), 7—ന് ചലച്ചിത്രഗാനങ്ങൾ—റിക്കാർഡ്, 7.15—ന് കേരളത്തിലെ നാടോടിപ്പാട്ടുകൾ—എൻ പുരുഷോത്തമൻ, 7.30—ന് മലയാളംവാർത്തകൾ, 7.45—ന് ചലച്ചിത്രത്തിന്റെ സാദ്ധ്യതകൾ—മലയാളം—എസ്. രാജഗോപാൽ, 8—ന് കോഴിക്കോട് റേഡിയോ ഓർച്ചസ്ട്രാ, 8.30—ന് ഗീതാഗോവിന്ദത്തിൽനിന്നും, 9—ന് ഇംഗ്ലീഷ്‌വാർത്തകൾ, 9.15—ന് മുഖസ്മൃതി—മലയാള ചിത്രീകരണം, 9.30—ന് ഗാനമഞ്ജരി—റിക്കാർഡ്, 10—ന് സമാപനം.

വെള്ളി

കാലത്തു് 7.15—ന് ഉദയഗീതം, 7.30—ന് മലയാളംവാർത്തകൾ, 7.45—ന് ഹിന്ദിപാഠം, 8—ന് ഇംഗ്ലീഷ്‌വാർത്തകൾ, 8.15—ന് ചൂഡാമണി—റിക്കാർഡ്, 8.30—ന് സമാപനം.

തിരുവനന്തപുരം

3.30—ന് വിദ്യാഭ്യാസപരിപാടി, 4—ന് താരാചതുഷ്ടയം—റിക്കാർഡ്, 4.30—ന് സമാപനം.

വൈകിട്ട് 5.30—ന് സംഗീതപാഠം (തിരു), 5.45—ന് സംഗീതം—ലക്ഷ്മി പത്മനാഭൻ (തിരു), 6—ന് മലയാളംഗാനങ്ങൾ (തിരു), 5.30—ന് സംഗീതം—ജി. തങ്കം (കോ), 5.45—ന് ലളിതഗാനങ്ങൾ—മച്ചാററ് കൃഷ്ണൻ (കോ), 6.10—ന് ഹിന്ദിവാർത്തകൾ, 6.20—ന് പ്രാദേശികവാർത്തകൾ, 6.30—ന് ഗ്രാമീണപരിപാടി (തിരു), 6.30—ന് നാട്ടിൻപുറം (കോ), 7—ന് സംഗീതാഭ്യസനഗാനങ്ങൾ, 7.15—ന് കല്യാണക്കാര്യം—മലയാളനാടകം — കൈനിക്കര കുമാരപിള്ള, 7.30—ന് മലയാളംവാർത്തകൾ, 7.45—ന് വീണ—ഡിങ്ങിൾ കൃഷ്ണമൂർത്തി—ചാലക്കുടി നാരായണസ്വാമി—വയലിൻ—മാവേലിക്കര കൃഷ്ണൻ—മൃദംഗം, 9—ന് ഇംഗ്ലീഷ്‌വാർത്തകൾ, 9.15—ന് സ്പോർട്ട്സ്റിവ്യൂ—സി. അച്ചുതമേനോൻ, 9.30—ന് ഗാനമഞ്ജരി—റിക്കാർഡ്, 10—ന് സമാപനം.

ശനി

കാലത്തു് 7.15—ന് ഉദയഗീതം, 7.30—ന് മലയാളംവാർത്തകൾ, 7.45—ന് റിക്കാർഡ്സംഗീതം, 8—ന് ഇംഗ്ലീഷ്‌വാർത്തകൾ, 8.15—ന് ബാലലോകം—റേഡിയോ അമ്മാവൻ, 9—ന് സമാപനം.

തിരുവനന്തപുരം

3.30—ന് മഹിളാരംഗം, 4—ന് താരാചതുഷ്ടയം—റിക്കാർഡ്, 4.30—ന് സമാപനം.

തെററിയ നേതൃത്വത്തിന്റെ മുമ്പിൽ ലേശമെങ്കിലും തല കുനിക്കാതെ ദേവസ്വംബോർഡ് ധർമ്മബോധത്തോടുകൂടി അദ്ദേഹത്തിന്റെ ഗുരുതരാവസ്ഥയെ നേരിടാൻ തയ്യാറാകുമെന്നാണു് എന്റെ വിശ്വാസം. പൂജമുട്ടിക്കലിന്റേയും അമ്പലം പൂട്ടലിന്റേയും ചുമതലയും അദ്ദേഹം തന്നെ ഏററെടുക്കട്ടെ.

Edited by R. K. Kartha, and Printed & published by C. M. Sankara Pillai at the Swaraj Printing Works, Kottayam

തിരുവനന്തപുരം വാർത്തകൾ

(സ്വ—ലേ) സെ: 10

കേന്ദ്രഗവ: ഗ്രാൻറുകൾ

1949—50—ൽ ഇൻഡ്യാഗവർമ്മെൻറിൽനിന്നും തിരു—കൊച്ചി ഗവ—ന ഭക്ഷ്യോല്പാദനപദ്ധതികൾക്കായി അനുവദിച്ചിരുന്ന ഗ്രാൻറുതുകകൾ പദ്ധതികൾ പൂർണ്ണമായി ചെയ്തുതീർക്കാത്തതുമൂലവും ചെയ്തതിന്റെ കണക്കുകൾ യഥാസമയം അയയ്ക്കാതിരുന്നതുമൂലവും നൽകുവാൻ സാദ്ധ്യമല്ലെന്നു ഇൻഡ്യാഗവർമ്മെൻറു കാർഷിക